
# NOVEMBER 2022 FULL CA

PSC TALKZ

Join us on Telegram

Subscribe

GET IT ON Google Play




## PSC TALKZ

A Unique platform for Self dedicated learners of life to improve and sharpen their skill set, An comprehensive website daily updated with free study materials, Mock quizzes, Model Exams with emphasized focus on Kerala PSC candidates in clearing the PSC examinations.

# 4.30 AM MORNING SELF STUDY BATCH





**Yes the time dedicated for the go-getters...active community of Quality Members early in the Morning for disciplined Self Study time, live discussions and quizzes, elite group in telegram solely for the aim of seeking knowledge**

**We are a strong 40000 + community who wants to strive for betterment of life and we have an active telegram activity channel + Discussion group**

# COME JOIN US!

Join us on Telegram

Subscribe

GET IT ON Google Play

- **പരീക്ഷയോടു അടുക്കുമ്പോൾ മാത്രം കറണ്ട്അഫയർ നോക്കുമ്പോഴാണ് , കറണ്ട്അഫയർ പരസ്പരബന്ധമില്ലാത്ത വിവരങ്ങളുടെ വലിയൊരുശേഖരം ആയി തോന്നുന്നത്, സ്വാഭാവികമായി മടപ്പുവരും, എന്തൊക്കെയോ വായിച്ച് CA പഠിച്ചു എന്ന് വരുത്തിത്തീർക്കും**
- **ഓരോദിവസവും ആ ദിവസത്തെ കറണ്ട്അഫയർ പഠിച്ചു നോക്കൂ**
- **ഇന്നു പഠിച്ചു തുടങ്ങുന്നവർ ഇന്നത്തെ CA പഠിക്കുന്നതിനൊപ്പം പഴയ Daily CA കൂടെ കുറേശ്ശെ വായിച്ചു പഠിച്ചു നോക്കൂ – കൃത്യമായ ഇടവേളകളിൽ റിവിഷൻ ചെയ്യൂ പെട്ടെന്ന്തന്നെ ട്രാക്കിലേക്ക് വരാൻ സാധിക്കും☺**
- **അത്തരത്തിൽ തിരഞ്ഞെടുത്ത ഏതാനും ചോദ്യങ്ങൾ അടങ്ങിയ ഈ ഫയൽ നിങ്ങൾക്ക് ഉപകരിക്കട്ടെ**
- **വോയിസ്ടൈപ്പ്ചെയ്തതിനാൽ , അക്ഷരതെറ്റുകൾ** (ആശയം മനസിലാക്കുന്നതിനെ തടസ്സപ്പെടുത്തുന്നത്ത്) **ക്ഷമിക്കുക**

## NOV 1

- കേന്ദ്രസർക്കാരിന്റെ പത്മ പുരസ്കാര മാതൃകയിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പ്രഥമ കേരള പുരസ്കാരങ്ങൾ ?
  - **കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ**
- പ്രഥമ കേരള ജ്യോതി പുരസ്കാരം ലഭിച്ചത് ?
  - **എം. ടി. വാസുദേവൻ നായർ**
- കേരള പ്രഭ പുരസ്കാരം ലഭിച്ചവർ ?
  - **മമ്മൂട്ടി, ഓംചേരി N. N. പിള്ള,മുൻ സിവിൽ സർവീസ് ഉദ്യോഗസ്ഥനും ആദിവാസി ക്ഷേമ പ്രവർത്തകനുമായ ടി. മാധവ മേനോൻ**
- കേരളശ്രീ പുരസ്കാരം ലഭിച്ചവർ ?
  - **കാനായി കുഞ്ഞിരാമൻ (ശിൽപി)**
  - **M. P. പരമേശ്വരൻ(കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സ്ഥാപക നേതാവ്)**
  - **ഗോപിനാഥ് മുതുകാട് (മജീഷ്യൻ)**
  - **കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി (വ്യവസായി, ജീവകാരുണ്യ പ്രവർത്തകൻ)**
  - **ഡോ. സത്യഭാമാ ദാസ് ബിജു (ജീവശാസ്ത്രജ്ഞൻ)**

  - **വൈക്കം വിജയലക്ഷ്മി (ഗായിക)**
- ❖ പശ്ചിമഘട്ടത്തിലെ ശെന്തുരുണി വന്യജീവി സങ്കേതത്തിൽനിന്ന് കണ്ടെത്തിയ പുതിയ ഇനം ചിലന്തികൾ ?
  - **ഹാബ്രോസെസ്റ്റം ശെന്തുരുണിയെൻസിസ്, ഹാബ്രോസെസ്റ്റം കേരള**
- ❖ രാജ്യത്തെ ആദ്യത്തെ ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ (ഇന്ത്യ ഇന്നൊവഷൻ സെന്റർ ഫോർ ഗ്രാഫീൻ - ഐഐസിജി) ഏപ്രിലിൽ ആരംഭിക്കുന്നത് ?
  - **കളമശേരി കിൻഫ്ര ഹൈടെക് പാർക്ക്, എറണാകുളം**
- ❖ ലോകത്തെ ഏറ്റവും വലിയ മത്സ്യകന്യക ശില്പമെന്ന റെക്കോർഡ് ലഭിച്ച പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമന്റെ തിരുവനന്തപുരം ശംഖുമുഖത്ത് സ്ഥിതി ചെയ്യുന്ന ശില്പം ?
  - **സാഗരകന്യക**
- ❖ തുർക്കിയിൽ നടന്ന ടേക്ക് ഓഫ് ഇസ്താംബൂൾ സ്റ്റാർട്ട് അപ്പ് ഉച്ചകോടിയിൽ ലോകത്തിലെ മികച്ച സ്റ്റാർട്ട് അപ്പുകളിൽ മൂന്നാം സ്ഥാനം നേടിയ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ട് അപ്പ്
  - **ട്രാൻസ്മിയോ ഐടി സൊല്യൂക്ഷൻസ്**
- ❖ 2022 ഒക്ടോബർ 31 ന് അന്തരിച്ച ആർ.എസ്.പി. നേതാവ് ?
  - **പ്രൊഫ. ടി.ജെ. ചന്ദ്രചൂഡൻ (81)**
- ❖ കോടിയേരി ബാലകൃഷ്ണന്റെ ഒഴിവിൽ കേരളഘടകത്തിന്റെ പ്രതിനിധിയായി പൊളിറ്റ്ബ്യൂറോ അംഗം ആയത് ?
  - **എം. വി. ഗോവിന്ദൻ**
- ❖ കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., ജലഅതോറിറ്റി എന്നിവയൊഴികെ സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിരമിക്കൽ പ്രായം എത്രയായാണ് ഏകീകരിച്ചത് ?
  - **60**
- ❖ മുൻ കേന്ദ്രമന്ത്രി രാംവിലാസ് പാസ്വാന്റെ സ്മരണയ്ക്കായി പ്രവർത്തിക്കുന്ന രാംവിലാസ് പാസ്വാൻ ഫൗണ്ടേഷന്റെ പ്രഥമ ജീവകാരുണ്യ പുരസ്കാരം നേടിയത് ?
  - **ഡോ. എം. എ. യൂസഫലി**
- ❖ സുദേഷ് കുമാർ വിരമിച്ച ഒഴിവിൽ പുതിയ ജയിൽ മേധാവിയായി നിയമിതനായത് ?
  - **ബൽറാം കുമാർ ഉപാധ്യായ**
- ❖ സെൻട്രൽ വിജിലൻസ് കമ്മീഷൻ അതിന്റെ വാർഷിക "വിജിലൻസ് ബോധവൽക്കരണ വാരം" ആചരിക്കുന്നത് ?

- **ഒക്ടോബർ 31 മുതൽ നവംബർ 6 വരെ**

❖ World Vegan Day ആയി ആചരിക്കുന്നത് ?

- **നവംബർ 1**

❖ സർക്കാർ ഡോക്ടർമാർക്ക് മേൽ GPS ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ച സംസ്ഥാനം ?

- **കർണാടക**

❖ വളർത്തുനായ്ക്കളുടെ രജിസ്ട്രേഷൻ അടുത്തിടെ നിർബന്ധമാക്കിയ സംസ്ഥാനം ഏത് ?

- **ഹരിയാന**

❖ റിസർവ് ബാങ്കിന്റെ ഡിജിറ്റൽ - കറൻസിയായ (സി.ബി.ഡി.സി.) ഡിജിറ്റൽ രൂപയുടെ പരീക്ഷണത്തിന് തുടക്കമാവുന്നത് ?

- **നവംബർ 1, 2022**

❖ ഇന്ത്യൻ വ്യോമസേനയ്ക്കു വേണ്ടി ആധുനിക സി -295 ചരക്കു വിമാനങ്ങൾ നിർമ്മിക്കാൻ രാജ്യത്താദ്യമായി സ്വകാര്യമേഖലയിൽ സ്ഥാപിക്കുന്ന പ്ലാന്റിന് നരേന്ദ്രമോദി തറക്കല്ലിട്ടത് എവിടെയാണ് ?

- **വഡോദര, ഗുജറാത്ത്**

❖ ബ്രസീലിന്റെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ?

- **ലൂയിസ് ഇനാസിയോ ലുല ഡ സിൽവ (76)**

❖ ഫ്രെഞ്ച് ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ കപ്പുയർത്തിയത് ?

- **സാത്വിക് സായ് രാജ് രെങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം (ഇന്ത്യ)**
- **ചൈനിസ് തായ്പേയിയുടെ ലു ചിങ് -യാങ് പോ ഹാൻ സഖ്യത്തെ തോൽപ്പിച്ചു.**

❖ ഫോർമുല വൺ കാറോട്ടമത്സരത്തിൽ ഒരുസീസണിൽ ഏറ്റവും കൂടുതൽ ഗ്രാൻപ്രീ നേടുന്ന താരമായത് ?

- **മാക്സ് വെസ്റ്റപ്പൻ (റെഡ് ബുൾ)**
- **മെക്സിക്കോ ഗ്രാൻപ്രിയിൽ വിജയിച്ചതോടെയാണ് നേട്ടം.**

❖ ഇനി രണ്ട് ഗ്രാൻപ്രീകൾ അവശേഷിക്കവേ, സീസണിൽ 14-ാം ഗ്രാൻപ്രീ വിജയത്തോടെ 13 വീതം ഗ്രാൻപ്രീകൾ നേടിയ ആരുടെയെല്ലാം റെക്കോർഡ് ആണ് മാക്സ് വെസ്റ്റപ്പൻ മറികടന്നത് ?

- **മൈക്കൽ ഷൂമാക്കറുടെയും സെബാസ്റ്റ്യൻ വെറ്റലിന്റെയും**

## NOV 2

- 'India Water week' ന്റെ ഏഴാമത്തെ പതിപ്പ് ഉദ്ഘാടനം ചെയ്തത് ?
  - **ദ്രൗപദി മുർമു ,2022 നവംബർ 1 ന് ഗ്രേറ്റർ നോയിഡയിൽ**
- India Water week' ന്റെ ഈ വർഷത്തെ പ്രമേയം ?
  - **"Water Security for Sustainable Development and Equity"**

- ഡിസംബർ 11 'ഭാരതീയ ഭാഷാ ഉത്സവം' ആയി ആചരിക്കുമെന്ന് പ്രസ്താവിച്ചത് ?
  - **യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ**
- പ്രധാനമന്ത്രി നരേന്ദ്ര മോദി ഏത് സംസ്ഥാനത്താണ് 'ഓയോ ഏകതാ ഹൗസ്ബോട്ട്' ഉദ്ഘാടനം ചെയ്തത് ?
  - **ഗുജറാത്ത്**
- ദേശീയ ഐക്യദിനത്തോടനുബന്ധിച്ച് (ഒക്ടോബർ 31) ഹരിത് ആയ്കാർ സംരംഭം ആരംഭിച്ചത് ?
  - **സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് (CBDT)**
- ആരംഭിച്ച് നാല് വർഷത്തിന് ശേഷം ഏത് കമ്പനിയാണ് ഇന്ത്യയിലെ സാമ്പത്തിക സേവന ബിസിനസ്സ് അടച്ചുപൂട്ടിയത് ?
  - **ഷവോമി (Xiaomi)**
- ബ്രിട്ടന്റെ പുതിയ ഡെപ്യൂട്ടി പ്രൈം മിനിസ്റ്റർ ആയി നിയമിതനായത് ?
  - **ഡൊമിനിക് റാബ്**
- അടുത്തിടെ Plain Language Act പാസാക്കിയ രാജ്യം ?
  - **ന്യൂസിലൻഡ്**
- First Global Police Metaverse ആരംഭിച്ച സംഘടന ?
  - **ഇന്റർപോൾ**
- ഇന്ത്യയുടെ ഉരുക്ക് മനുഷ്യൻ എന്നറിയപ്പെടുന്ന ഇന്ത്യൻ വ്യവസായി 2022 ഒക്ടോബർ 31ന് അന്തരിച്ചു. പേര് ?
  - **ജംഷദ് ജെ ഇറാനി (85) ( ടാറ്റ സൺസിന്റെ മുൻ ഡയറക്ടറും ടാറ്റ സ്റ്റീൽ മാനേജിംഗ് ഡയറക്ടറും ആയി പ്രവർത്തിച്ചു.)**
- യു.എൻ. ഭീകര വിരുദ്ധ നീധിയിലേക്ക് 5 ലക്ഷം ഡോളർ സംഭാവന നൽകുമെന്ന് പ്രഖ്യാപിച്ച രാജ്യം ?
  - **ഇന്ത്യ**

- ഒക്ടോബറിൽ രാജ്യത്തെ ചരക്ക്-സേവനനികുതി (ജി.എസ്.ടി.) വരുമാനം ?
  - **1.51 ലക്ഷം കോടി**
  - **തുടർച്ചയായ എട്ടാം മാസമാണ് 1.4 ലക്ഷം കോടി രൂപയ്ക്കുമുകളിൽ വരുന്നത്.**
- നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ കണക്കു പ്രകാരം രാജ്യത്തെ യുപിഐ ഇടപാടുകളുടെ എണ്ണം ? **700 കോടി**
- ഏതെല്ലാം രാജ്യങ്ങളിൽ നിന്നും വന്ന് ഗുജറാത്തിൽ താമസിക്കുന്ന മുസ്ലിം ഇതര ന്യൂനപക്ഷങ്ങൾക്ക് ഇന്ത്യൻ പൗരത്വം നൽകാൻ ആഭ്യന്തരമന്ത്രാലയം നടപടി തുടങ്ങിയത് ?
  - **പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ**
- ട്വിറ്റർ നടത്തിപ്പിനുള്ള ഇലോൺ മസ്കിന്റെ പുതിയ ടീമിൽ ഉള്ള ഇന്ത്യൻ വംശജനായ അമേരിക്കൻ സാങ്കേതികവിദഗ്ധൻ ?
  - **ശ്രീറാം കൃഷ്ണൻ**
- സ്പെയിനിൽ നടന്ന ലോക ബാഡ്മിന്റൻ ജൂനിയർ ചാംപ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ താരം ?
  - **ശങ്കർ മുത്തു സ്വാമി**
- ലോക ബാഡ്മിന്റൻ ജൂനിയർ ചാംപ്യൻഷിപ്പിൽ വെള്ളി നേടുന്ന എത്രാമത്തെ ഇന്ത്യൻ താരമാണ് ശങ്കർ മുത്തു സ്വാമി ?
  - **4**
- ഫ്രഞ്ച് ഓപ്പൺ ഡബിൾസിൽ ചാമ്പ്യൻമാരായ സാത്വിക്-ചിരാഗ് സഖ്യത്തിനും ലോക ജൂനിയർ ചാമ്പ്യൻഷിപ്പിൽ വെള്ളി നേടിയ ശങ്കർ മുത്തു സ്വാമിക്കും 5 ലക്ഷം ₹ ക്യാഷ് അവാർഡ് പ്രഖ്യാപിച്ചത് ?
  - **ബാഡ്മിന്റൺ അസോസിയേഷൻ ഓഫ് ഇന്ത്യ**
- 39 വർഷത്തെ ചരിത്രത്തിൽ ഫ്രഞ്ച് ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസ് ചാമ്പ്യൻമാരാകുന്ന ആദ്യ ഇന്ത്യൻ ജോഡി ?
  - **സാത്വിക് - ചിരാഗ് സഖ്യം**
- അബുദാബി ടി 10 ക്രിക്കറ്റ് ലീഗിൽ ഡെക്കാൺ ഗ്ലാഡിയേറ്റേഴ്സിനുവേണ്ടി കളിക്കുന്ന മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം ?
  - **സുരേഷ് റെയ്ന**

- കലാനിരൂപകൻ, കലാചരിത്രകാരൻ, ഗ്രന്ഥകാരൻ, അധ്യാപകൻ, പ്രഭാഷകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തി 2022 നവംബർ 1 ന് അന്തരിച്ചു. പേര് ?
    - **പ്രൊഫ. വിജയകുമാർ മേനോൻ (76)**
- ഏത് സ്ഥാപനത്തിൽ ആണ് ജീവനക്കാർ ഉപഭോക്താക്കളോട് സൗമ്യമായും വിനയത്തോടെയും പെരുമാറണമെന്നും കൂപ്പുകൈകളോടെ നമസ്കാരം ചൊല്ലി വരവേൽക്കണമെന്നും നിർദേശിച്ചത് ?
    - **സപ്ലൈകോ**
- സമഗ്രസംഭാവനകൾ പരിഗണിച്ച് 2022 ലെ എഴുത്തച്ഛൻ പുരസ്കാരത്തിന് അർഹനായത്
    - **സേതു (അഞ്ചുലക്ഷം ₹, ശില്പവും പ്രശസ്തിപത്രവും)**

## NOV 3

- ആത്മവിശ്വാസം എന്ന പേരിൽ ആത്മകഥ രചിച്ചത് ?
    - **ടി. എസ്. കല്യാണരാമൻ**
- ഡോ. പി. പൽപ്പു ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പുരസ്കാരം നേടിയത് ?
    - **ഡോ. കെ. പി. ഹരിദാസ്**
- കേരളത്തിൽ ആരംഭിക്കുന്ന ഡിജിറ്റൽ ഭൂസർവ്വേക്കായി റവന്യൂ വകുപ്പ് ആരംഭിച്ച പോർട്ടൽ ?
    - **എന്റെ ഭൂമി**
- വെള്ളൂർ കേരള പേപ്പർ പ്രോഡക്റ്റ് ലിമിറ്റഡ്(KPPL) വാണിജ്യ അടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചത് ?
    - **2022 നവംബർ 1**
- ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കെട്ടിടങ്ങൾക്കും എത്ര അക്ക സവിശേഷ തിരിച്ചറിയൽ നമ്പർ ആണ് നൽകുക ?
    - **14**
- ബാർ അസോസിയേഷൻ ഏർപ്പെടുത്തിയ തകഴി ശിവശങ്കരപ്പിള്ള പുരസ്കാരം(30,000 ₹, പ്രശസ്തിപത്രവും) ലഭിച്ച അഭിഭാഷകൻ ?
    - **ടി. പി. രാമചന്ദ്രൻ (നോവൽ:: ചേറുമ്പ് അംശം ദേശം)**
- ഭരണ, പ്രതിപക്ഷ യുവജന സംഘടനകൾ പ്രതിഷേധവുമായെത്തിയതോടെ മന്ത്രിസഭ മരവിപ്പിച്ച തീരുമാനം ?
    - **പൊതുമേഖലാസ്ഥാപനങ്ങളിലെ പെൻഷൻ പ്രായം 60 ആക്കി ഏകീകരിക്കാനുള്ള തീരുമാനം**

- വനിതകളുടെ അവകാശങ്ങൾക്കും ശാക്തീകരണത്തിനുമായി ജീവിതം സമർപ്പിച്ച ഗാന്ധിയൻ അന്തരിച്ചു. പേര് ?
  - **ഇളാ ബെൻ ഭട്ട് (ഇള ഭട്ട്) (89)**
  - **പത്മശ്രീ, പത്മഭൂഷൺ, മഗ്സസേ പുരസ്കാരം, റൈറ്റ് ലൈവ്‌ലി ഹുഡ് ബഹുമതി, ഇന്ദിരാഗാന്ധി സമാധാന സമ്മാനം തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.**
- ഏറ്റവും വലിയ വനിതാ സഹകരണസംഘങ്ങളിലൊന്നായ സെൽഫ് എംപ്ലോയ്ഡ് വിമെൻസ് അസോസിയേഷന്റെ (സേവ) സ്ഥാപക ?
  - **ഇള ഭട്ട്**
- വൃക്കസംബന്ധമായ അസുഖത്തെത്തുടർന്ന് ചികിത്സയിലിരിക്കെ 2022 നവംബർ 2 ന് അന്തരിച്ച പ്രശസ്ത നോവലിസ്റ്റും കവിയുമായ വ്യക്തി ?
  - **ടി. പി. രാജീവൻ (63)**
- ഇന്ത്യയുടെ 53-ാമത്തെ കടുവാ സങ്കേതമായി അടുത്തിടെ പ്രഖ്യാപിച്ചത് ?
  - **റാണിപൂർ കടുവാ സങ്കേതം, ഉത്തർപ്രദേശ്**
- വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ആദ്യ മത്സ്യ മ്യൂസിയം ആരംഭിച്ച സംസ്ഥാനം ?
  - **അരുണാചൽ പ്രദേശ്**
- മുൻ ഐഎസ്ആർഒ ചെയർമാൻ കെ ശിവൻ ഉൾപ്പെടെ 67 വ്യക്തികൾക്ക് രാജ്യോത്സവ അവാർഡ് നൽകിയ സംസ്ഥാനം ?
  - **കർണാടക (ഒരു ലക്ഷം ₹, സ്വർണമെഡലും പ്രശസ്തിപത്രവും)**
- മുൻ യുഎസ് സെനറ്റർ എഡ്വേർഡ് എം കെന്നഡിക്ക് മരണാനന്തര ബഹുമതിയായ 'ഫ്രണ്ട്സ് ഓഫ് ലിബറേഷൻ വാർ' ബഹുമതി നൽകി ആദരിച്ച രാജ്യം ?
  - **ബംഗ്ലാദേശ്**
- 'ഇന്ത്യ കെം 2022'(India Chem 2022) കോൺഫറൻസിന്റെ ആതിഥേയ നഗരം ?
  - **ന്യൂഡൽഹി**
- അടുത്തിടെ വാട്ട്സ്ആപ്പ് ചാറ്റ്ബോട്ട് അടിസ്ഥാനമാക്കിയുള്ള ക്യുആർ ടിക്കറ്റിംഗ് സേവനം ആരംഭിച്ച മെട്രോ റെയിൽ ഏതാണ് ?
  - **ബെംഗളൂരു നമ്മ മെട്രോ**
- അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ ട്വന്റി 20 റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്ത് എത്തിയ ഇന്ത്യൻ ബാറ്റർ ?

- **സൂര്യ കുമാർ യാദവ് (2. മുഹമ്മദ് റിസ്വാൻ, പാകിസ്ഥാൻ; 3.ഡെവൺ കോൺവേ, ന്യൂസിലൻഡ്)**

❖ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ റൺസെടുക്കുന്ന താരമെന്ന റെക്കോഡ് നേടിയത് ?

- **വിരാട് കോഹ്‌ലി -നിലവിൽ 1065 റൺസ് (മറികടന്നത് ശ്രീലങ്കയുടെ മഹേല ജയവർധനെയെ)**

❖ അമേരിക്കയും ദക്ഷിണ കൊറിയയും തമ്മിലുള്ള സംയുക്ത സൈനിക അഭ്യാസം ?

- **വിജിലന്റ് സ്റ്റോം**

❖ ഖത്തർ ലോകകപ്പിനുശേഷം പേരു മാറ്റുന്ന ടീം ?

- **വെയ്ൽസ് (പുതിയ പേര്:: സിംറു)**

❖ ഓപ്പറേഷൻ വേൾഡ് കപ്പ് ഷീൽഡ് എന്ന പേരിലുള്ള സൈനിക സുരക്ഷാ പദ്ധതിയിൽ ഖത്തറിന് ഏറ്റവും വലിയ സൈനികസഹായം നൽകുന്ന രാജ്യം ?

- **തുർക്കിയ**

## NOV 4

❖ പ്രതിരോധ സെക്രട്ടറിയായി അടുത്തിടെ ചുമതലയേറ്റത് ?

- **ഗിരിധർ അർമാനെ**

❖ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബിപിസിഎൽ) ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി നിയമിതനായത് ?

- **വി. ആർ. കൃഷ്ണ ഗുപ്ത**

❖ 2022 നവംബർ 1 മുതൽ 3 വരെ ത്രിദിന സിവിൽ എയർ നാവിഗേഷൻ സർവീസസ് ഓർഗനൈസേഷൻ (CANSO) കോൺഫറൻസ് സംഘടിപ്പിച്ചത് എവിടെയാണ് ?

- **ഗോവ**

❖ അരുണാചൽ പ്രദേശിലെ ഹോളോംഗി എയർപോർട്ടിന്റെ പേര് പുനർനാമകരണം ചെയ്തത് ഏത് പേരിലാണ് ?

- **ഡോണി പോളോ എയർപോർട്ട്**

❖ നാഷണൽ ട്രൈബൽ ഡാൻസ് ഫെസ്റ്റിവൽ നടക്കുന്നത് ?

- **റായ്പൂർ, ഛത്തീസ്ഗഡ്**

❖ "ലക്ഷ്മീർ ഭണ്ഡാർ" എന്ന പദ്ധതിയിലൂടെ 2022 ലെ സ്കോച്ച് പുരസ്‌ക്കാരം ലഭിച്ച സംസ്ഥാനം ?

- **പശ്ചിമ ബംഗാൾ**

❖ 2022 ലെ ബംഗ്ലാദേശ് ഫിലിം ഫെസ്റ്റിവലിന് വേദിയാകുന്ന ഇന്ത്യൻ നഗരം ?
- **കൊൽക്കത്ത**

❖ കോളിൻസ് ഡിക്ഷണറിയുടെ ഈ വർഷത്തെ വാക്ക് ആയി തിരഞ്ഞെടുത്തത് ?
- **പെർമാക്രൈസിസ് (PERMACRISIS- an extended period of instability and Insecurity)**

❖ പ്രഥമ ആസിയാൻ-ഇന്ത്യ സ്റ്റാർട്ട് അപ്പ് ഫെസ്റ്റിവലിന് വേദിയാകുന്ന രാജ്യം ?
- **ഇന്തോനേഷ്യ**

❖ ഐവറി കോസ്റ്റിലെ അടുത്ത ഇന്ത്യൻ പ്രതിനിധിയായി നിയമിതനായത് ?
- **ഇന്ത്യൻ ഫോറിൻ സർവീസ് ഓഫീസർ ഡോ. രാജേഷ് രഞ്ജൻ**

❖ സുപ്രീംകോടതി അടുത്തിടെ താത്കാലികമായി തടഞ്ഞത് ഏത് വിളയുടെ കൃഷി ആണ് ?
- **ജി. എം. കടുക്**

❖ പാകിസ്ഥാൻ സർക്കാരിനെതിരായ പ്രതിഷേധ മാർച്ചിനിടെ കാലിൽ വെടിയേറ്റ മുൻ പ്രധാനമന്ത്രിയും പാകിസ്ഥാൻ തെഹ്രിക് ഇ ഇൻസാഫ് (പി.ടി.ഐ.) പാർട്ടി നേതാവുമായ ആയ വ്യക്തി ?
- **ഇമ്രാൻ ഖാൻ**

❖ സ്ത്രീകളുടെ അവകാശം സംരക്ഷിക്കുന്ന യു. എന്നിന്റെ വനിതാ സംരക്ഷണ സമിതി (കമ്മിഷൻ ഓൺ ദ സ്റ്റാറ്റസ് ഓഫ് വുമൻ) യിൽ നിന്ന് ഇറാനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടത് ?
- **യു.എസ്. വൈസ് പ്രസിഡന്റ് കമലാ ഹാരിസ്**

❖ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്ട്സാപ്പ് എന്നിവയുടെ മാതൃകമ്പനിയായ 'മെറ്റ'യുടെ ഇന്ത്യ മേധാവി ആയ മലയാളി രാജി വെച്ചു. പേര് ?
- **അജിത് മോഹൻ**

❖ സാമൂഹിക മാധ്യമ രംഗത്തെ ഏത് കമ്പനിയിൽ ചേരുന്നതിനായാണ് മെറ്റ ഇന്ത്യ മേധാവി രാജി വെച്ചത് ?
- **സ്നാപ്പ്**

❖ ലോകത്തിലെ ഏറ്റവും കഠിനമായ റേസ് എന്നറിയ പ്പെടുന്ന ഗോൾഡൺ ഗ്ലോബ് റേസിൽ പങ്കെടുക്കുന്ന ഇന്ത്യൻ നേവി റിട്ടയേർഡ് കമാൻഡർ ?
- **അഭിലാഷ് ടോമി**

- കേരള ജനവേദി ഏർപ്പെടുത്തിയ നീതി ശ്രേഷ്ഠ പുരസ്കാരത്തിന് അർഹനായ സുപ്രീംകോടതി മുൻ ജഡ്ജി ?
  - **ജസ്റ്റിസ് കെ.ടി. തോമസ്**
- കേരള ഫുട്ബാൾ ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമായിരുന്ന വ്യക്തി അടുത്തിടെ അന്തരിച്ചു. പേര് ?
  - **എം.ഒ. ജോസ്**
- കാഴ്ച പരിമിതർക്കായുള്ള ഇന്ത്യയിലെ ആദ്യ ക്രിക്കറ്റ് പരിശീലന കേന്ദ്രം ആരംഭിച്ചത്
  - **ആലുവ**
- പശ്ചിമഘട്ട മേഖലയിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം തേനീച്ചയ്ക്ക് നൽകിയ പൊതുനാമം, ശാസ്ത്രീയ നാമം യഥാക്രമം ?
  - **ഇന്ത്യൻ ബ്ലാക്ക് ഹണിബീ, എപിസ് കരിഞ്ഞൊടിയൻ**
  - **കാർഷിക സർവകലാശാലയുടെ തിരുവനന്തപുരം കരമനയിലെ ഇന്റഗ്രേറ്റഡ് ഫാമിങ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ. എസ്. ഷാനസ്, ചേർത്തല എസ്.എൻ. കോളേജിലെ ജന്തുശാസ്ത്രവിഭാഗം ഗവേഷണ വിദ്യാർഥി ജി. അഞ്ജു കൃഷ്ണൻ, കൊണ്ടോട്ടി ഇ.എം.ഇ.എ. കോളേജിലെ ബയോടെക്നോളജി വിഭാഗം മേധാവി ഡോ. കെ. മഷ്ഹൂർ എന്നിവരടങ്ങുന്ന ഗവേഷകരാണ് പുതിയ ഇനത്തെ കണ്ടെത്തിയത്.**
- കേരള രാജ്യാന്തര ചലച്ചിത്രമേളയോട് അനുബന്ധിച്ചു നൽകുന്ന സ്പിരിറ്റ് ഓഫ് സിനിമ അവാർഡിന് (5 ലക്ഷം ₹) ഇത്തവണ അർഹയായ ഇറാനിയൻ സംവിധായിക ?
  - **മഹനാസ് മൊഹമ്മദി**
- ഇന്ത്യൻ പ്രീമിയർ ലീഗ് ടീമായ പഞ്ചാബ് കിങ്സിന്റെ പുതിയ ക്യാപ്റ്റൻ ആയി നിയമിതനായത് ?
  - **ശിഖർ ധവാൻ**

## NOV 5

- ബയോസ്ഫിയർ റിസർവുകൾക്കായുള്ള അന്താരാഷ്ട്ര ദിനം ആചരിക്കുന്നത് ?
  - **നവംബർ 3**
- ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ 2022 നവംബർ 4 ന് ഗംഗാ ഉത്സവ്-ദി റിവർ ഫെസ്റ്റിവൽസ് 2022 സംഘടിപ്പിച്ചത് ?
  - **ജല ശക്തി മന്ത്രാലയം**

- ലോക സുനാമി ബോധവത്കരണ ദിനം ആചരിക്കുന്നത് ?
    - **നവംബർ 5**
- ഫ്രഞ്ച് സർക്കാരിന്റെ പരമോന്നത ബഹുമതിയായ ഷെവലിയർ ഡി എൽ ഓർഡ്രെ ഡെസ് ആർട്ട്സ് എറ്റ് ഡെസ് അവാർഡ് നൽകി ആദരിച്ചത് ആരെ ?
    - **അരുണ സായിറാം(Carnatic vocalist)**
- കർഷകരുടെ ഉന്നമനത്തിനായി ഒഡിഷയിൽ മുഖ്യമന്ത്രി നവീൻ പട്നായിക് ആരംഭിച്ച പബ്ലിക് ക്രെഡിറ്റ് പോർട്ടൽ ?
    - **സഫൽ**
- പെൺകുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ലാഡ്‌ലി ലക്ഷ്മി 2.0 എന്ന സ്കീം ആരംഭിച്ച സംസ്ഥാനം ?
    - **മധ്യപ്രദേശ്**
- ഇന്ത്യയുടെ മിസൈൽ പരീക്ഷണത്തിന് ദിവസങ്ങൾ മാത്രം ശേഷിക്കെ ഇന്ത്യൻ മഹാസമുദ്രത്തിൽ ചാരക്കപ്പൽ അയച്ച രാജ്യം?
    - **ചൈന**
- ഏത് സേനയുടെ യൂണിഫോം ആണ് ബൗദ്ധിക സ്വത്തവകാശ പ്രകാരം രജിസ്റ്റർ ചെയ്തത് ?
    - **കരസേന**
- ജക്കാർത്തയ്ക്കു സമീപം ഇന്ത്യൻ മഹാസമുദ്രത്തിൽ തിരിച്ചിറങ്ങിയതായി ഇന്ത്യൻ ബഹിരാകാശ ഗവേഷണസംഘടന (ഐ.എസ്. ആർ.ഒ.) സ്ഥിരീകരിച്ച ഉപഗ്രഹം ?
    - **റിസാറ്റ്-2**
    - **അതിർത്തിയിലെ നുഴഞ്ഞു കയറ്റമുൾപ്പെടെ നിരീക്ഷിക്കുന്നതിനായി നിർമിച്ച 'റിസാറ്റ്-2 2009 ഏപ്രിൽ 20-നാണ് പി.എസ്.എൽ.വി.-സി 12 വിക്ഷേപണ വാഹനത്തിൽ ഭ്രമണപഥത്തിലെത്തിച്ചത്.**
- 'എല്ലാവർക്കും വിദ്യാഭ്യാസം' എന്ന ബൈജൂസിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഗ്ലോബൽ ബ്രാൻഡ് അംബാസഡറായ ഫുട്ബോൾ ഇതിഹാസം ?
    - **ലയണൽ മെസ്സി**
- എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചത് ആരെയാണ് ?
    - **വിശാൽ കപൂർ**
- ഇന്ത്യയിലെ ആദ്യത്തെ ഫ്ലോട്ടിംഗ് ഫിനാൻഷ്യൽ ലിറ്ററസി ക്യാമ്പ് നടത്തുന്നത് ?

- **ഇന്ത്യാ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (IPPB) - ശ്രീനഗർ, ജമ്മു കാശ്മീർ**

❖ ട്വിറ്ററിൽ ഉപയോക്താവിന്റെ ആധികാരികത ഉറപ്പാക്കുന്ന Blue Tick mark അടയാളത്തിന് ഇലോൺ മസ്ക് ഏർപ്പെടുത്തിയ മാസവരി ?
- **എട്ട് ഡോളർ (~655.5 ₹)**

❖ ഡെന്മാർക്ക് പ്രധാനമന്ത്രിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട വനിത ?
- **മെറ്റ ഫ്രെഡറിക്സൺ**

❖ 2022 ലെ എൻ.എൻ പിള്ള സ്മാരക പുരസ്കാര ജേതാവ് ?
- **സുനിൽ പി. ഇളയിടം**

❖ കേരള സംസ്ഥാന കായിക യുവജനകാര്യ ഡയറക്ടറേറ്റും സ്പോർട്സ് കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന ഫുട്ബോൾ കാമ്പയിൻ ?
- **വൺ മില്യൺ ഗോൾ**

❖ സൗദി മലയാളം സമാജത്തിന്റെ ഈ വർഷത്തെ പ്രവാസിമുദ്ര പുരസ്കാരം നേടിയത് ?
- **എം. മുകുന്ദൻ (നോവൽ: പ്രവാസം)**

❖ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ന്യൂസിലൻഡിനെതിരെ ഹാട്രിക് വിക്കറ്റ് നേട്ടം കൈവരിച്ച ഐറിഷ് ബൗളർ ?
- **ജോഷ്വാ ലിറ്റിൽ**

❖ അവസാന ഗ്രൂപ്പ് മത്സരത്തിൽ ഓസ്ട്രേലിയയോട് തോറ്റതിന് തൊട്ടുപിന്നാലെ ക്യാപ്റ്റൻ സ്ഥാനം ഒഴിഞ്ഞ അഫ്ഗാനിസ്ഥാൻ താരം ?
- **മുഹമ്മദ് നബി**

## NOV 6

❖ 2022 World Tsunami Awareness Day (Nov 05) യുടെ പ്രമേയം ?
- **Early Warning and Early Action Before Every Tsunami**

❖ ഇലക്ട്രോണിക്സ്, ഭക്ഷ്യ സംസ്കരണം, ആരോഗ്യം, അടിസ്ഥാനസൗകര്യ വികസനം, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിൽ കേരളത്തിൽ നിക്ഷേപം നടത്താൻ തീരുമാനിച്ച വിദേശ രാജ്യം ?
- **ദക്ഷിണ കൊറിയ**

❖ അടുത്തിടെ ജയൻ കലാ സാംസ്കാരിക വേദിയുടെ ജയൻ പുരസ്കാരം നേടിയ പ്രശസ്ത ചലച്ചിത്രതാരം ?
- **സിജു വിൽസൺ**

❖ 2022 നവംബറിൽ പ്രിന്റ് വീക്ക് പുരസ്കാരങ്ങൾ നേടിയ മലയാള ദിനപത്രം ?

- **മാതൃഭൂമി**

❖ ശില്പങ്ങളെ സംരക്ഷിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് കേരള സർക്കാരിന്റെ കേരളശ്രീ പുരസ്കാരം നിരസിച്ച പ്രശസ്ത ശില്പി ?

- **കാനായി കുഞ്ഞിരാമൻ**

❖ 2022-ൽ രാസവള ഉത്പാദനം ആരംഭിച്ചതിന്റെ 75-ാം വാർഷികം ആചരിക്കുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനം ?

- **FACT (Fertilizers And Chemicals of Travancore)**

❖ കാലാവസ്ഥാ വ്യതിയാനത്തോട് പോരാടുന്ന ഭൂമിയുടെ ഭാവി സംരക്ഷിക്കാൻ പുതിയ പ്രഖ്യാപനങ്ങളുണ്ടാകുമെന്ന പ്രതീക്ഷയിൽ ഐക്യരാഷ്ട്രസഭയുടെ 27-ാമത് കാലാവസ്ഥാ ഉച്ചകോടിക്ക് (COP27) തുടക്കമായത് ?

- **ഈജിപ്ത് (നവംബർ 6 മുതൽ 18 വരെ)**

❖ COP27 ൽ 18 അംഗ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിക്കുന്നത് ?

- **കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്**

❖ ഖത്തറിൽ നടക്കുന്ന ലോകകപ്പ് ഫുട്ബോളിന്റെ ഇന്ത്യൻ അംബാസിഡറായി നിയമിതനായത് ?

- **രൺവീർ സിംഗ്**

❖ 2009 മുതൽ 2012 വരെ സിഡ്നിയിലെ ഇന്ത്യൻ കോൺസൽ ജനറലായി സേവനമനുഷ്ഠിച്ച ആരെയാണ് ഓർഡർ ഓഫ് ഓസ്ട്രേലിയയുടെ ജനറൽ ഡിവിഷനിൽ ഓണററി അംഗമായി നിയമിച്ചത് ?

- **അമിത് ദാസ് ഗുപ്തയെ**

❖ സ്പേസ് എക്സ് നിർമിച്ച ലോകത്തിലെ ഏറ്റവും ശക്തിയേറിയ ആക്ടീവ് റോക്കറ്റ് ?

- **ഫാൽക്കൺ ഹെവി**

❖ റിലയൻസ് ഇൻഡസ്ട്രീസിന്റെ സ്വതന്ത്ര ഡയറക്ടറായി നിയമിതനായ മുൻ ഐ.സി.ഐ.സി.ഐ. ബാങ്ക് മേധാവി ?

- **കെ. വി. കാമത്ത്**

❖ ഉത്തർപ്രദേശിലെ വാരാണസിയും തമിഴ്നാടും തമ്മിലുള്ള പൗരാണിക നാഗരിക ബന്ധം കണ്ടെത്തുന്നതിനായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടി ?

- **കാശി തമിഴ് സംഗമം**

- ഇന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ മഥുര-വൃന്ദാവൻ ഏത് വർഷത്തോടെ "നെറ്റ് സീറോ കാർബൺ എമിഷൻ" ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാനാണ് ഉത്തർപ്രദേശ് സർക്കാർ ലക്ഷ്യമിടുന്നത് ?
  - **2041**
- ദക്ഷിണ കൊറിയയിലെ ചിയോങ്ജുവിൽ നടന്ന ഏഷ്യൻ സ്ക്വാഷ് ടീം ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയത് ?
  - **ഇന്ത്യൻ പുരുഷ ടീം (ഫൈനലിൽ ഇന്ത്യൻ ടീം കുവൈത്തിനെ 2-0ന് പരാജയപ്പെടുത്തി.)**
- സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വോട്ടറായിരുന്ന ആരാണ് 2022 നവംബർ 5 ന് അന്തരിച്ചത്
  - **ശ്യാം ശരൺ നേഗി (106)**
- ഏഷ്യൻ കോണ്ടിനെന്റൽ ചെസ് ചാമ്പ്യൻഷിപ്പിൽ ഓപ്പൺ വിഭാഗത്തിൽ കിരീടം നേടിയ ഇന്ത്യൻ താരം ?
  - **ആർ. പ്രഗ്യാനന്ദ**

## NOV 7

- Infant Protection Day ആയി ആചരിക്കുന്നത് ?
  - **നവംബർ 7**
- National Cancer Awareness Day ആയി ആചരിക്കുന്നത് ?
  - **നവംബർ 7**
- "മണിച്ചെപ്പ് വീണ്ടും തുറന്നപ്പോൾ" എന്ന പുസ്തകം രചിച്ചത് ?
  - **ബാലചന്ദ്രമേനോൻ**
- "മഹായോഗി" എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **കെ. വി. മോഹൻകുമാർ**
- കർണാടക സംഗീത രംഗത്ത് മൃദംഗവാദനത്തിന് നൽകിയ സമഗ്രസംഭാവന പരിഗണിച്ച് ശ്രീ ഗുരുവായൂരപ്പൻ ചെമ്പൈ പുരസ്കാരം നൽകി ആദരിക്കുന്നത് ആരെയാണ് ?
  - **വി. സുരേന്ദ്രൻ (ഗുരുവായൂരപ്പന്റെ രൂപം ആലേഖനം ചെയ്ത 10 ഗ്രാം സ്വർണപ്പതക്കം, 50,001 ₹, പ്രശസ്തി ഫലകം,പൊന്നാട)**
- 2022 നവംബറിൽ ആദ്യ രാജ്യാന്തര ഇൻഡീ സംഗീതോത്സവത്തിന് വേദിയാകുന്ന കേരളത്തിലെ നഗരം ?
  - **കോവളം, തിരുവനന്തപുരം**

- കേരളത്തിലെ വൈദ്യുത വിതരണ രംഗത്തെ ആധുനികവത്കരണം ലക്ഷ്യമിട്ടുള്ള ഏത് പദ്ധതിയുടെ ഒന്നാം ഘട്ടം ആണ് അടുത്തിടെ പൂർത്തിയാകുന്നത് ?
    - **ദ്യുതി**
- 2023 ജനുവരി 8 മുതൽ 10 വരെ മധ്യപ്രദേശിലെ ഇൻഡോറിൽ നടക്കുന്ന പതിനേഴാമത് പ്രവാസി ഭാരതീയ ദിവസ് കൺവെൻഷനിൽ അതിഥിയാകുന്ന ഗയാനയുടെ പ്രസിഡന്റ് ?
    - **ഡോ. മുഹമ്മദ് ഇർഫാൻ അലി**
- ഇസ്രായേലിൽ അധികാരത്തിലെത്തുന്ന പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ പാർട്ടി ?
    - **ലിക്കുഡ് പാർട്ടി**
- 2022 നവംബറിൽ ഫ്രാൻസിന്റെ ദേശീയ ബഹുമതിയായ ഷവലിയാർ പുരസ്കാരം ലഭിച്ച കർണാടക സംഗീതജ്ഞൻ ?
    - **ശശാങ്ക് സുബ്രഹ്മണ്യം (പുല്ലാങ്കുഴൽ)**
- 2022 നവംബറിൽ ഭൂമിയിൽ നിന്ന് 1600 പ്രകാശവർഷം അകലെ കണ്ടെത്തിയ തമോഗർത്തം ?
    - **ഗിയ ബിഎച്ച് 1**
- 1933-ൽ സ്ഥാപിച്ച ഏത് ക്ഷേത്രത്തിന്റെ ആസ്തി വിവരം ആണ് അടുത്തിടെ പുറത്തുവിട്ടത് ?
    - **തിരുപ്പതി വെങ്കിടേശ്വര ക്ഷേത്രം (രണ്ടരലക്ഷം കോടി)**
- ആത്മീയാചാര്യനായ ശ്രീ എമ്മിന്റെ സത്സംഗ് ഫൗണ്ടേഷൻ നടപ്പാക്കുന്ന ഗോദാവരി നദി പുനരുജ്ജീവന പദ്ധതി ?
    - **അവിരൾ ഗോദാവരി**
- 2022 നവംബർ 4 ന് ചണ്ഡീഗഡിൽ 15-ാമത് CII അഗ്രോ ടെക് -2022 ഉദ്ഘാടനം ചെയ്തത് ?
    - **വൈസ് പ്രസിഡന്റ് ജഗ്ദീപ് ധൻഖർ**
- വിപ്രോയുടെ സിഒഒ (ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ) ആയി ആരാണ് നിയമിക്കപ്പെട്ടത്
    - **അമിത് ചൗധരി**
- അദാനി ന്യൂ ഇൻഡസ്ട്രീസ് ലിമിറ്റഡ് രാജ്യത്തെ ഏറ്റവും വലിയ വിൻഡ് ടർബൈൻ ജനറേറ്റർ (WTG) ഏത് സംസ്ഥാനത്താണ് സ്ഥാപിച്ചത് ?
    - **ഗുജറാത്ത്**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- ഏത് സംസ്ഥാനത്തെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനുള്ള സർക്കാരിന്റെ പദ്ധതിയാണ് ലാഖ്പതി ദീദി യോജന (Lakhpati Didi Yojana) ?
  - **ഉത്തരാഖണ്ഡ്**
- 24-ാമത് വേൾഡ് കമ്മ്യൂണിക്കേഷൻ അവാർഡിൽ 'ക്ലൗഡ് നേറ്റീവ് അവാർഡ്' നേടിയ ഇന്ത്യൻ കമ്പനി ?
  - **ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡ്**
- അടുത്തിടെ വിരമിക്കൽ പ്രഖ്യാപിച്ച ബാഴ്സലോണയുടെ വിഖ്യാത ഡിഫൻഡർ ?
  - **പികെ**
- ലങ്ക പ്രീമിയർ ലീഗ് 2022 ന്റെ ബ്രാൻഡ് അംബാസഡറായി ആരാണ് തിരഞ്ഞെടുക്കപ്പെട്ടത് ?
  - **മുൻ വിൻഡീസ് ബാറ്റർ വിവിയൻ റിച്ചാർഡ്സ്**
- സയ്യിദ് മുഷ്താഖ് അലി ട്രോഫി കിരീടം നേടിയത് ?
  - **മുംബൈ (ഫൈനലിൽ ഹിമാചൽ പ്രദേശിനെ 3 വിക്കറ്റിന് പരാജയപ്പെടുത്തി മുംബൈ കന്നി കിരീടം നേടി)**
- ട്വന്റി20 ക്രിക്കറ്റിൽ ഒരു കലണ്ടർ വർഷം ആയിരം റൺസ് പൂർത്തിയാക്കുന്ന രണ്ടാമത്തെ താരവും(1.മുഹമ്മദ് റിസ്വാൻ, പാകിസ്ഥാൻ) ആദ്യത്തെ ഇന്ത്യൻ താരവും എന്ന ബഹുമതി നേടിയത് ?
  - **സൂര്യ കുമാർ യാദവ്**
- ലൈംഗികാതിക്രമക്കേസിൽ സിഡ്നിയിൽ പോലീസ് അറസ്റ്റു ചെയ്ത ശ്രീലങ്കൻ ക്രിക്കറ്റ് താരം ?
  - **ദനുഷ്ക ഗുണതിലക**

## NOV 8

- ലോക റേഡിയോഗ്രാഫി ദിനം ആചരിക്കുന്നത് ?
  - **നവംബർ 8 (2012 മുതൽ)**
- ഈ വർഷത്തെ ലോക റേഡിയോഗ്രാഫി ദിനത്തിന്റെ പ്രമേയം ?
  - **Radiographers at the Forefront of Patient Safety**
- മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസത്തിലും സർക്കാർജോലിയിലും കേന്ദ്രം പത്തുശതമാനം സംവരണമേർപ്പെടുത്തിയത് ഭൂരിപക്ഷവിധിയിലൂടെ ശരിവെച്ചത് ?
  - **സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച്**

- ഇന്ത്യയിലെ ആദ്യത്തെ ജിയോ ഹെറിറ്റേജ് സൈറ്റ് ആയി UNESCOയുടെ ശാസ്ത്ര സംഘടനകളിൽ ഒന്നായ ഇന്റർനാഷണൽ യൂണിയൻ ഓഫ് ജിയോളജിക്കൽ സയൻസസ് (IUGS) അംഗീകരിച്ച മേഘാലയയിലെ ഗുഹ ?
  - **മൗമ്ളുഹ് ഗുഹ**
- നാഷണൽ മോനുമെന്റ്സ് അതോറിറ്റി യുടെ ചെയർമാനായി ആരെയാണ് നിയമിച്ചത് ?
  - **കിഷോർ കെ ബസ**

- ലോകത്തിലെ ആദ്യത്തെ വേദ ഘടികാരം (Vedic clock) സ്ഥാപിക്കുന്നത് ?
  - **ഉജ്ജയിൻ, മധ്യപ്രദേശ്**
- അടുത്തിടെ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ സ്മാരകമായി പ്രഖ്യാപിച്ച മാംഗർ ധാം സ്മാരകം സ്ഥിതി ചെയ്യുന്ന ഇന്ത്യൻ സംസ്ഥാനം ?
  - **രാജസ്ഥാൻ**
- മുനിസിപ്പൽ ബോണ്ട് പുറപ്പെടുവിക്കുന്ന രണ്ടാമത്തെ ഇന്ത്യൻ നഗരമായി മാറിയത് ?
  - **വഡോദര (1. പൂനെ 2017ൽ)**
- 2022 നവംബർ 4 മുതൽ 7 വരെ പക്ഷി വൈവിധ്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കാൻ ടോഖു എമോങ് ബേർഡ് കൗണ്ടിന്റെ (ട്രിഇബിസി) ആദ്യ പതിപ്പ് സംഘടിപ്പിച്ചത് ?
  - **നാഗാലാൻഡ്**
- റൈസിംഗ് സൺ വാട്ടർ ഫെസ്റ്റ്-2022 സംഘടിപ്പിച്ചത് എവിടെയാണ് ?
  - **മേഘാലയയിലെ ഉമിയം തടാകത്തിൽ**
- 2022 ഒക്ടോബർ പ്രകാരം ഇന്ത്യയുടെ ഏറ്റവും വലിയ എണ്ണ വിതരണ രാജ്യം ?
  - **റഷ്യ**
- ചന്ദ്രന്റെ ഇരുണ്ട വശത്ത് പര്യവേക്ഷണം നടത്താൻ ഏത് ഏജൻസിയുമായി സഹകരിക്കുമെന്നാണ് അഹമ്മദാബാദിലെ ഫിസിക്സ് റിസർച് ലബോറട്ടറി ചെയർമാൻ അനിൽ ഭരദ്വാജ് പ്രസ്താവിച്ചത് ?
  - **ജാപ്പനീസ് ബഹിരാകാശ ഏജൻസി**
- നവംബർ 11ന് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്ന ദക്ഷിണേന്ത്യയിലെ ആദ്യ വന്ദേഭാരത് എക്സ്പ്രസ് ട്രെയിനിന്റെ റൂട്ട് ?
  - **ചെന്നൈ - മൈസൂർ**

❖ കൈത്തറി മേഖലയിലെ കേരളത്തിലെ ആദ്യത്തെ ഉത്പാദക കമ്പനി ?
  ○ **ബാലരാമപുരം ഹാന്റ്‌ലൂം നിർമ്മാണ കമ്പനി**
❖ കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം കൂടുന്നതിനെതിരെ കേന്ദ്ര - സംസ്ഥാന അന്വേഷണ ഏജൻസികൾ ഒരുമിച്ച് നടപ്പിലാക്കുന്ന പദ്ധതി ?
  ○ **ഉണരൂ**
❖ ഇന്റർനാഷണൽ ഹോക്കി ഫെഡറേഷന്റെ (FIH) പുതിയ പ്രസിഡന്റായി നിയമിതനായത് ?
  ○ **മുഹമ്മദ് തയ്യബ് ഇക്രം**
❖ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ കഴിഞ്ഞമാസത്തെ മികച്ചതാരമായി (Player of the month 2022 October) തിരഞ്ഞെടുക്കപ്പെട്ട പുരുഷ താരം ?
  ○ **വിരാട് കോഹ്‌ലി**
❖ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ കഴിഞ്ഞമാസത്തെ മികച്ചതാരമായി (Player of the month 2022 October) തിരഞ്ഞെടുക്കപ്പെട്ട വനിതാ താരം ?
  ○ **നിദ ദാർ (പാകിസ്ഥാൻ)**
❖ കഥകളിയാചാര്യൻ വാഴേങ്കട കുഞ്ചുനായരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ സംസ്കൃതി സമ്മാൻ (Samsthuthi Samman) ലഭിച്ചത് ?
  ○ **വാഴേങ്കട കുഞ്ചുനായരുടെ ശിഷ്യൻ ആയ കലാമണ്ഡലം വാസു പിഷാരടി**
  ○ **ഒരു ലക്ഷം ₹, പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്ക്കാരം**

## NOV 9

❖ കുട്ടികൾക്കുനേരെയുള്ള ലൈംഗികാതിക്രമങ്ങൾക്കെതിരേ അന്താരാഷ്ട്ര ബോധവത്കരണ ദിനമായി ആചരിക്കണമെന്ന പ്രമേയത്തിന് ഐക്യരാഷ്ട്രസഭയുടെ പൊതുസഭയുടെ അംഗീകാരം ലഭിച്ചു. ഏത് ദിവസം ?
  ○ **എല്ലാ വർഷവും നവംബർ 18 ന്**
❖ നിയമകമ്മിഷന്റെ പുതിയ ചെയർപേഴ്സണായി പുതിയ കേന്ദ്രസർക്കാർ നിയമിച്ച മുൻ കർണാടക ഹൈക്കോടതി ജഡ്ജി ?
  ○ **ഋതുരാജ് അവസ്ഥി ( നിയമകമ്മിഷനിൽ ഉൾപ്പെട്ട മലയാളി -കേരള ഹൈക്കോടതി മുൻ ജഡ്ജി കെ. ടി. ശങ്കരൻ)**
❖ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കഴിഞ്ഞ വർഷത്തെ ദേശീയ ഫ്ലോറൻസ് നൈറ്റിങ്ഗേൽ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചത് ?

- **സുസൻ ചാക്കോ (കൊല്ലം കുര്യാപ്പള്ളി), വി. എസ്. ഷീല റാണി (കിടങ്ങൂർ കോട്ടയം), ലിസി അച്ചൻകുഞ്ഞ് (കൊല്ലം നെടുമ്പന), എം. ബി. മുഹമ്മദ് കാസിം (ലക്ഷദ്വീപ്) തുടങ്ങി 50ഓളം പേർക്ക്**

❖ ഈ വർഷത്തെ ഉത്തരാഖണ്ഡ് ഗൗരവ് സമ്മാൻ ലഭിച്ചത് ആർക്കെല്ലാം ?
- **അജിത് ഡോവൽ (ദേശീയ സുരക്ഷാ ഉപദേഷ്ടാവ്)**
- **പ്രസൂൺ ജോഷി (സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ ചെയർമാൻ)**
- **ജനറൽ ബിപിൻ റാവത്ത് (മുൻ ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ്)**
- **ഗിരീഷ് ചന്ദ്ര തിവാരി (കവി, എഴുത്തുകാരൻ)**
- **വീരേൻ ദങ്‌വാൾ (പത്രപ്രവർത്തകൻ)**

❖ ബെംഗളൂരു സ്ഥാപകൻ കെംപഗൗഡയുടെ 108 അടി ഉയരവും 220 ടൺ ഭാരവും ഉള്ള വെങ്കല പ്രതിമ അനാച്ഛാദനം ചെയ്യുന്നത് ?
- **നരേന്ദ്രമോദി, ബെംഗളൂരു അന്താരാഷ്ട്ര വിമാനത്താവളം**

❖ നവംബർ 11 ന് നരേന്ദ്രമോദി അനാച്ഛാദനം ചെയ്യുന്ന കെംപഗൗഡയുടെ വെങ്കല പ്രതിമ രൂപകൽപ്പന ചെയ്തത് ?
- **ശില്പിയും പത്മഭൂഷൺ ജേതാവുമായ രാം വന്ജി സുതാർ**
- **ഏകതാ പ്രതിമയുടെ ശിൽപി**

❖ ഗ്ലോബൽ സിസ്റ്റം ഫോർ ഗ്ലോബൽ അസോസിയേഷന്റെ (ജിഎസ്എംഎ) ഡെപ്യൂട്ടി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട എയർടെൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സിഇഒ) ?
- **ഗോപാൽ വിറ്റൽ**

❖ ജിഎസ്എംഎയിൽ ഒരു തസ്തിക വഹിക്കുന്ന എത്രാമത്തെ ഇന്ത്യക്കാരനാണ് ഗോപാൽ വിറ്റൽ ?
- **2 (ഭാരതി എയർടെൽ സ്ഥാപകനും ചെയർമാനുമായ സുനിൽ ഭാരതി മിത്തൽ 2017-18ൽ GSMA ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.)**

❖ GSMA യുടെ ആസ്ഥാനം ?
- **ലണ്ടൻ, യുണൈറ്റഡ് കിംഗ്ഡം**

❖ ഫോർബ്സിന്റെ ലോകത്തിലെ ഏറ്റവും മികച്ച തൊഴിൽദാതാക്കളുടെ റാങ്കിംഗ് 2022 പ്രകാരം ആദ്യ 20 റാങ്കിംഗിൽ ഇടം നേടുന്ന ഏക ഇന്ത്യൻ സ്ഥാപനമായത് ?
- **റിലയൻസ് ഇൻഡസ്ട്രീസ് (20ആം സ്ഥാനം)**

- ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്ന ടൂൾ വികസിപ്പിച്ചതിന് ആമസോൺ ഗവേഷണ പുരസ്കാരം ലഭിച്ച ഇന്തോ അമേരിക്കൻ കംപ്യൂട്ടർ സയൻസ് പ്രൊഫസർ ?
    - **പവിത്ര പ്രഭാകർ**
- E. K. Janaki Ammal: Life and Scientific Contributions എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **നിർമല ജെയിംസ്**
    - **ഇന്ത്യയിലെ ആദ്യത്തെ വനിതാ സസ്യശാസ്ത്രജ്ഞയാണ് മലയാളിയായ ഇ. കെ. ജാനകി അമ്മാൾ**
- ഇന്ത്യയിലെ സ്വകാര്യസ്ഥാപനം വികസിപ്പിച്ച ആദ്യ റോക്കറ്റ് ?
    - **വിക്രം-എസ് (ബഹിരാകാശ സ്റ്റാർട്ടപ്പായ സ്കൈറൂട്ട് എയ്റോസ്പേസ്, ഹൈദരാബാദ്)**
- വെള്ളപ്പൊക്ക പ്രവചന പ്ലാറ്റ്ഫോമായ 'ഫ്ലഡ്ഹബ്' ആരംഭിച്ചത് ?
    - **ഗൂഗിൾ**
- സ്കൈറൂട്ട് എയ്റോസ്പേസ് സി.ഇ.ഒ.യും സഹസ്ഥാപകനും ആരാണ് ?
    - **പവൻകുമാർ ചന്ദന**
- വിക്രം-എസ് ഉപഗ്രഹ വിക്ഷേപണത്തിന്റെ ദൗത്യത്തിനു നൽകിയിരിക്കുന്ന പേര് ?
    - **പ്രാരംഭ്**

## NOV 10

- World Science Day for Peace and Development ആചരിക്കുന്നത് ?
    - **നവംബർ 10**
- 2022ലെ അവസാന ചന്ദ്രഗ്രഹണം ദൃശ്യമായത് ?
    - **2022 നവംബർ 8**
- 2022 ലെ ലണ്ടൻ വേൾഡ് ട്രാവൽ മാർട്ട് പുരസ്കാരം ലഭിച്ച കേരളത്തിലെ ടൂറിസം പദ്ധതി ?
    - **Water Street Tourism**
- തോറിയത്തിൽ നിന്നും വൈദ്യുതി നിർമ്മിക്കാൻ അടുത്തിടെ കേന്ദ്രത്തിന്റെ അനുമതി ലഭിച്ച സംസ്ഥാനം ?
    - **കേരളം**
- 2022 നവംബറിൽ അന്തരിച്ച മലയാള സിനിമയിലെ ആദ്യ ഡബ്ബിങ് ആർട്ടിസ്റ്റും നടിയും ഗായികയുമായ വ്യക്തി?

- **കൊച്ചിൻ അമ്മിണി**

❖ തമിഴ്നാട്ടിലെ വെള്ളാർ നദീമുഖത്തിന് സമീപം കണ്ടെത്തിയ പുതിയ ഇനം ഞണ്ട് ?

- **സ്യൂഡോഹെലിസ് അണ്ണാമലൈ (Pseudo-helice annamalai)**

❖ 2022 നവംബറിൽ പ്രഖ്യാപിച്ച തമിഴ്നാട്ടിലെ പതിനേഴാമത് വന്യജീവി സങ്കേതത്തിന്റെ പേര് ?

- **കാവേരി സൗത്ത് വന്യജീവി സങ്കേതം**

❖ ഋതുരാജ് അവസ്ഥി നിയമ കമ്മീഷന്റെ എത്രാമത്തെ ചെയർമാൻ ആണ് ?

- **22 ( 21-ബി. എസ്. ചൗഹാൻ)**

❖ ജി 20 പ്രസിഡൻസിയുടെ പുതിയ ലോഗോയും വെബ്സൈറ്റും പുറത്തിറക്കിയത് ?

- **നരേന്ദ്രമോദി**

❖ 2023 ലെ ജി 20 പ്രസിഡൻസി ആർക്കാണ് ?

- **ഇന്ത്യ (2022- ഇന്തോനേഷ്യ)**

❖ ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ജി 20 പ്രസിഡൻസി യുടെ പ്രമേയം ?

- **വസുധൈവ കുടുംബകം (One Earth One Family One Future)**

❖ 2022 ലെ ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ഉദ്ഘാടന ചിത്രമായി പ്രദർശിപ്പിക്കുന്ന ഓസ്ട്രേലിയൻ ചിത്രം ?

- **Alma and Oskar**

❖ ലോകത്ത് ആദ്യമായി ലാബിൽ നിർമിച്ച രക്തത്തിന്റെ ക്ലിനിക്കൽ ട്രയൽ നടത്തിയത് ?

- **ബ്രിട്ടീഷ് ഗവേഷകർ**

❖ 2022-ലെ ബെയ്‌ലി കെ.ആഷ്ഫോർഡ് മെഡൽ ലഭിച്ച പ്രമുഖ ഇന്ത്യൻ ഫിസിഷ്യനും ശാസ്ത്രജ്ഞനുമായ വ്യക്തി?

- **ഡോ. സുഭാഷ് ബാബു**

❖ വീണ്ടും വിക്ഷേപണത്തിന് ഒരുങ്ങുന്ന (14 നവംബർ) അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ ചാന്ദ്രദൗത്യം ?

- **ആർട്ടെമിസ്**

❖ സിംബാബ്‌വെ യുടെ ആദ്യ ഉപഗ്രഹം വിക്ഷേപിച്ചത് ?

- **സിംസാറ്റ്-1**

❖ "Winning the Inner Battle" എന്ന പുസ്തകം എഴുതിയ ഓസ്ട്രേലിയൻ ക്രിക്കറ്റ് താരം?

- **ഷെയ്ൻ വാട്സൺ**

- അടുത്തിടെ ഐസിസി ഹാൾ ഓഫ് ഫെയിമിൽ ഇടം നേടിയത് ?
  - **ശിവനാരായണൻ ചന്ദർപോൾ (വിൻഡീസ്),**
  - **ഷാർലറ്റ് എഡ്വേർഡ്സ് ( ഇംഗ്ലണ്ട് വനിതാ ടീം),**
  - **അബ്ദുൾ ഖാദിർ(പാകിസ്ഥാൻ)**

## NOV 11

- സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രി മൗലാന അബുൽ കലാം ആസാദിന്റെ ജന്മദിനത്തെ അനുസ്മരിച്ച് ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത് ?
  - **നവംബർ 11**
- ബഹിരാകാശ ഗവേഷണരംഗത്തെ ഇന്ത്യൻ സ്റ്റാർട്ടപ്പായ അഗ്നികുൽ കോസ്മോസ് വിജയകരമായി പരീക്ഷിച്ച ഇന്ത്യയിലെ ആദ്യ ത്രീഡി പ്രിന്റിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച റോക്കറ്റ് എഞ്ചിൻ ?
  - **അഗ്നിലെറ്റ്**
- കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് പുറത്തുവിട്ട 2022 ലെ റിപ്പോർട്ട് പ്രകാരം ഏറ്റവും മലിനീകരിക്കപ്പെട്ട ഇന്ത്യൻ നഗരം ?
  - **കതിഹാർ (ബീഹാർ)**
- പുള്ളിപ്പുലിയുടെ സാന്നിധ്യം പതിവായതോടെ അനിശ്ചിതകാലത്തേക്ക് അടച്ച കർണാടകയിലെ വിനോദസഞ്ചാര കേന്ദ്രം ?
  - **വൃന്ദാവൻ ഉദ്യാനം, മൈസൂരു**
- ബിംസ്റ്റെക്കിന്റെ അംഗരാജ്യങ്ങളിലെ കാർഷിക മന്ത്രിമാരുടെ രണ്ടാമത്തെ യോഗത്തിന് ആതിഥേയത്വം വഹിച്ചത് ?
  - **ന്യൂഡൽഹി,ഇന്ത്യ**
  - **(ബിംസ്റ്റെക്ക്- ബേ ഓഫ് ബംഗാൾ ഇനിഷ്യേറ്റീവ് ഫോർ മൾട്ടി-സെക്ടറൽ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് കോ-ഓപ്പറേഷൻ)**
- 2022 നവംബറിൽ പുറത്തുവിട്ട ഫോബ്സിന്റെ മികച്ച തൊഴിൽ ദാതാക്കളുടെ പട്ടികയിൽ ഒന്നാമതെത്തിയത് ?
  - **സാംസങ്ങ്**
- അമേരിക്കയിലെ മേരിലാൻഡ് സംസ്ഥാനത്തെ ലെഫ്റ്റനന്റ് ഗവർണർ ആവുന്ന ആദ്യത്തെ ദക്ഷിണേഷ്യൻ വനിതയും ആദ്യ ഇന്ത്യൻ വംശജയും ആയത് ?
  - **അരുണ മില്ലർ (58)**

- 2023 ലെ വനിതാ ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം ?
    - **ഇന്ത്യ**
    - **ഇന്റർനാഷണൽ ബോക്സിങ് അസോസിയേഷൻ പ്രസിഡന്റ് - ഉമർ ക്രെംലിയോവ്**
    - **ഇന്ത്യൻ ബോക്സിംഗ് അസോസിയേഷൻ പ്രസിഡന്റ് - അജയ് സിംഗ്**
- ഡിസംബർ 11 മുതൽ 17 വരെ സ്പെയിനിലെ വലൻസിയയിൽ നടക്കുന്ന വനിതാ എഫ്ഐഎച്ച് നേഷൻസ് കപ്പിൽ ഇന്ത്യൻ ഹോക്കി ടീമിനെ നയിക്കുന്നത് ?
    - **സവിത പൂനിയ**
- 2022 ഫിഫ ലോകകപ്പ് ആഘോഷങ്ങളുടെ ഭാഗമായി ലോകകപ്പ് മുദ്രകൾ പതിച്ച നാണയങ്ങളും കറൻസികളും പുറത്തിറക്കിയ രാജ്യം ?
    - **ഖത്തർ**
- ഉത്തരാർധഗോളത്തിലെ ശൈത്യകാലത്ത് നടക്കുന്ന ആദ്യ ലോകകപ്പ് എന്ന പ്രത്യേകത ഉള്ള ലോകകപ്പ് ?
    - **ഖത്തർ ലോകകപ്പ്**
- അടുത്തിടെ അന്തരിച്ച 1971-ൽ ലഖ്നൗവിൽ വെച്ച് ഇന്ത്യയുടെ ആദ്യത്തെ വനിതാ ക്രിക്കറ്റ് ടൂർണമെന്റ് നടത്തിയ വ്യക്തി ?
    - **മഹേന്ദ്ര കുമാർ ശർമ (75)**
- അന്താരാഷ്ട്ര ട്വന്റി20 ക്രിക്കറ്റിൽ 4000 റൺസ് തികയ്ക്കുന്ന ആദ്യ താരമായത് ?
    - **വിരാട് കോഹ്ലി**
- വ്യത്യസ്ത മേഖലകളിൽ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന ശിശു വികസന വകുപ്പ് നൽകുന്ന പുരസ്കാരം ?
    - **ഉജ്ജ്വല ബാല്യം പുരസ്കാരം**
- 2022 നവംബറിൽ മഹാകവി കുമാരനാശാന്റെ ഏത് കൃതി പ്രസിദ്ധീകരിക്കപ്പെട്ടതിന്റെ ശതാബ്ദിയാഘോഷങ്ങൾക്കാണ് സാംസ്കാരിക വകുപ്പ് മന്ത്രി വി.എൻ. വാസവൻ തുടക്കം കുറിച്ചത് ?
    - **ചണ്ഡാലഭിക്ഷുകി**
- 'സർവേ പപ്പു' എന്ന ആനക്കുട്ടി ഭാഗ്യ ചിഹ്നം ആയി കേരള സർക്കാർ ആരംഭിച്ച പദ്ധതി ?

- **ഡിജിറ്റൽ സർവേ**

❖ 2022 നവംബറിൽ കേരള സംസ്ഥാന സ്കൂൾ ശാസ്ത്ര മേളയുടെ വേദി ?

- **എറണാകുളം**

❖ പരിസ്ഥിതി സമരനായകനും കേരള സർവകലാശാല സസ്യ ശാസ്ത്ര വിഭാഗം റീഡറുമായിരുന്ന അന്തരിച്ച ഡോ. ഖമറുദീന്റെ ഓർമയ്ക്കായി ഡോ. ഖമറുദീൻ ഫൗണ്ടേഷൻ ഫോർ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ( കെ.എഫ്.ബി.സി.) ഏർപ്പെടുത്തിയ മൂന്നാമത് ഡോ. ഖമറുദീൻ പരിസ്ഥിതി പുരസ്കാരം ലഭിച്ചത് ?

- **ദയാബായി (25,000 ₹)**

## NOV 12

❖ ദേശീയ മന്ത് രോഗ ദിനം ആചരിക്കുന്നത് ?

- **നവംബർ 11**

❖ ലോക ന്യൂമോണിയ ദിനം ആയി ആചരിക്കുന്നത് ?

- **നവംബർ 12 (2009 മുതൽ)**

❖ ഈ വർഷത്തെ ലോക ന്യൂമോണിയ ദിനത്തിന്റെ പ്രമേയം ?

- **Pneumonia Affects Everyone**

❖ വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം 2022 ൽ ചൂട്ടാറ്റ് മൂലം 15000 ൽ അധികം പേർ മരണപ്പെട്ട വൻകര ?

- **യൂറോപ്പ്**

❖ അടുത്തിടെ 11,000 ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ട ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്സാപ്പ് എന്നിവയുടെ മാതൃകമ്പനി ?

- **മെറ്റ**

❖ എഴുപതുകളിൽ തരംഗമായ 'ലവ് ഹാർട്ട്സ്', 'ഹെയർ ഓഫ് ദ ഡോഗ്' തുടങ്ങിയ സംഗീത ആൽബങ്ങളുടെ ശിൽപിയും നസ്രേത്ത് മ്യൂസിക് ബാൻഡിന്റെ അമരക്കാരനും റോക്ക് സ്റ്റാറുമായ അടുത്തിടെ അന്തരിച്ച പ്രശസ്ത വ്യക്തി ?

- **ഡാൻ മാക്കഫേർട്ടി (76)**

❖ പ്രമുഖ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും അക്കൗണ്ടുകളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി ചാര നിറത്തിലുള്ള അടയാളം നൽകിത്തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ?

- **ട്വിറ്റർ**

- ഭാവിയിൽ വരൾച്ച നേരിടുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ലോക കാലാവസ്ഥാ ഉച്ചകോടിയിൽ അവതരിപ്പിക്കപ്പെട്ട കൂട്ടായ്മ ?
  - **IDRA - International Draught Resilience Alliance**
- ഇന്ത്യയുടെ കോവിഡ് പ്രതിരോധം ആസ്പദമാക്കി നിർമ്മിക്കുന്ന ചലച്ചിത്രം ?
  - **The Vaccine War ( Director - Vivek Agnihotri)**
- സ്വിറ്റ്സർലൻഡ് ടൂറിസം 'ഫ്രണ്ട്ഷിപ്പ് അംബാസഡർ' ആയി നിയമിച്ച ഒളിമ്പിക്സ് സ്വർണ മെഡൽ ജേതാവ് ?
  - **നീരജ് ചോപ്ര**
- ഗാന്ധി പീസ് ഫൗണ്ടേഷൻ നൽകുന്ന 2022-ലെ കുൽദീപ് നായർ പത്രകാരിത സമ്മാന് അർഹയായ ദി വയറിന്റെ സീനിയർ എഡിറ്റർ ?
  - **അർഫ ഖാനും ഷെർവാണി (Arfa Khanum Sherwani)**
- ഗാന്ധി പീസ് ഫൗണ്ടേഷൻ നൽകുന്ന 2022-ലെ കുൽദീപ് നായർ പത്രകാരിത സമ്മാന് അർഹനായ സ്വതന്ത്ര പത്രപ്രവർത്തകനും യൂട്യൂബറും ആയ വ്യക്തി ?
  - **അജിത് അഞ്ജും (Ajit Anjum)**
- 2023 ലെ ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന് വേദിയാകുന്ന ഇന്ത്യൻ സംസ്ഥാനം
  - **ഉത്തർപ്രദേശ്**
- നവംബർ 10 ന് 'മാണ്ഡിയ ഡേ' അഥവാ മില്ലറ്റ് ദിനം ആയി ആചരിച്ച ഇന്ത്യൻ സംസ്ഥാനം ? **ഒഡീഷ**
- ആസിയാനും ഇന്ത്യയും 30 വർഷത്തെ പങ്കാളിത്തം ആഘോഷിക്കുന്നതിനാൽ ഏത് വർഷത്തെയാണ് ആസിയാൻ-ഇന്ത്യ സൗഹൃദ വർഷമായി പ്രഖ്യാപിച്ചത് ?
  - **2022**
- അടുത്തിടെ FSSAI യുടെ 4-സ്റ്റാർ റേറ്റിംഗോടെ 'ഈറ്റ് റൈറ്റ് സ്റ്റേഷൻ' സർട്ടിഫിക്കേഷൻ ലഭിച്ച റെയിൽവേ സ്റ്റേഷൻ ?
  - **ഭോപ്പാൽ റെയിൽവേ സ്റ്റേഷൻ**
  - **സർട്ടിഫിക്കേഷനുള്ള മറ്റ് റെയിൽവേ സ്റ്റേഷനുകൾ :: ആനന്ദ് വിഹാർ ടെർമിനൽ റെയിൽവേ സ്റ്റേഷൻ (ഡൽഹി), ഛത്രപതി ശിവജി ടെർമിനസ് (മുംബൈ), മുംബൈ സെൻട്രൽ റെയിൽവേ സ്റ്റേഷൻ (മുംബൈ), വഡോദര റെയിൽവേ സ്റ്റേഷൻ, ചണ്ഡീഗഡ് റെയിൽവേ സ്റ്റേഷൻ**

- ബാങ്ക് റേറ്റ് അടിസ്ഥാനമാക്കി "യൂണിഫോം ഗോൾഡ് പ്രൈസ്" ആരംഭിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ?
    - **കേരളം**
- 2022 ലെ International Telemedicine Conference ന് വേദിയാകുന്ന നഗരം ?
    - **കൊച്ചി**
- ഏത് സർവകലാശാലയുടെ ചാൻസലർ പദവിയിൽ നിന്നാണ് ഗവർണറെ മാറ്റിയത് ?
    - **കേരള കലാമണ്ഡലം കൽപിത സർവകലാശാല (ചാൻസലറുടെ ചുമതല വഹിക്കുക സാംസ്കാരിക വകുപ്പ് മന്ത്രിയും പ്രോ ചാൻസലറുമായ വി. എൻ. വാസവൻ)**
- കേരളത്തിലെ സംരക്ഷിത വനപ്രദേശങ്ങൾക്ക് ചുറ്റുമുള്ള ബഫർസോണിലെ ജനവാസ മേഖലകൾ പരിശോധിക്കാനായി പുറത്തിറക്കിയ ആപ്പ് ?
    - **അസറ്റ് മാപ്പർ**
- ബഫർസോൺ പരിശോധനകൾക്കായി സംസ്ഥാനം രൂപീകരിച്ച വിദഗ്ദ സമിതി ചെയർമാൻ ?
    - **ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ**
- ഡിസംബറിൽ ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ താരലേലത്തിന് വേദിയാകുന്ന കേരളത്തിലെ നഗരം ?
    - **കൊച്ചി**

## NOV 13

- ദേശീയ പക്ഷി നിരീക്ഷണ ദിനം ആചരിക്കുന്നത് ?
    - **നവംബർ 12**
- 2022 നവംബറിൽ ആധാർ പട്ടങ്ങളിൽ കേന്ദ്രം വരുത്തിയ ഭേദഗതി പ്രകാരം ആധാറിന്റെ അനുബന്ധ രേഖകൾ എത്ര വർഷത്തിലൊരിക്കലാണ് പുതുക്കേണ്ടത് ?
    - **10**
- ഭരണഘടനയുടെ 142-ാം വകുപ്പ് പ്രകാരമുള്ള പ്രത്യേകാധികാരം ഉപയോഗിച്ച് നളിനിയടക്കമുള്ള ആറ് പ്രതികളെയും മോചിപ്പിക്കാൻ സുപ്രീംകോടതി ഉത്തരവിട്ടത് ഏത് കേസിലാണ് ?
    - **മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ വധിച്ച കേസ്**
- വിമുക്തഭടന്മാരുടെ പെൻഷൻ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി നിലവിൽ വന്ന സ്കീം ?

- **സ്പർശ് (സിസ്റ്റം ഫോർ പെൻഷൻ അഡ്മിനിസ്ട്രേഷൻ രക്ഷ)**

❖ സ്വമേധയാ വിരമിച്ച ഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) മുൻ ഡയറക്ടർ ?
- **ഡോ. രൺദീപ് ഗുലേറിയ**

❖ ഉത്തരേന്ത്യയിലെ ആദ്യത്തെ ഹൈപ്പർ സ്കെയിൽ ഡാറ്റാ സെന്റർ( Yotta D1) ഉദ്ഘാടനം ചെയ്തത് ?
- **ഗ്രേറ്റർ നോയിഡ, ഉത്തർപ്രദേശ്**

❖ ഇസ്ലാമിക് പഠനത്തിൽ കിങ് ഇന്റർ നാഷണൽ പുരസ്‌ക്കാരം ലഭിച്ചിട്ടുള്ള , പ്രമുഖ ഉർദു-ഇംഗ്ലീഷ് എഴുത്തുകാരൻ കൂടിയായ ഇസ്ലാമിക സാമ്പത്തിക വിദഗ്ദൻ കാലിഫോർണിയയിൽ അന്തരിച്ചു. പേര് ?
- **ഡോ. മുഹമ്മദ് നൈജാത്തുള്ള സിദ്ദിഖി (91)**

❖ 19-ാമത് ഇന്ത്യ-ആസിയാൻ ഉച്ചകോടി നടക്കുന്നത് ?
- **നോംപെൻ, കംബോഡിയ**

❖ ആസിയാനിൽ നിരീക്ഷക പദവി നൽകാൻ തീരുമാനമായ രാജ്യം ?
- **ഈസ്റ്റ് ടിമോർ ( ടിമോറിനെ 11-ാം അംഗമാക്കാൻ നേതാക്കൾ തത്വത്തിൽ അംഗീകാരം നൽകി**.)

❖ നാവികസേനയുടെ രജതജൂബിലി ആഘോഷിക്കുന്ന പ്രഥമ സെയിൽ ട്രെയിനിങ് പായ്ക്കപ്പൽ ?
- **ഐഎൻഎസ് തരംഗിണി (നിർമ്മാണം -ഗോവൻ ഷിപ്പ് യാർഡ്)**

❖ ഐഎൻഎസ് തരംഗിണിയുടെ ഏഴുമാസം നീണ്ടുനിന്ന ലോക പര്യടനം അറിയപ്പെടുന്ന പേര് ?
- **ലോകയാൻ 2022**

❖ അടുത്തിടെ മനുഷ്യാവകാശ കമ്മീഷൻ അംഗവും ക്രിമിനൽ അഭിഭാഷകനുമായ അഡ്വ കെ. എം. ഗംഗാധരൻ സ്മാരക പുരസ്കാരത്തിന് (25000₹) അർഹനായത് ?
- **ജസ്റ്റിസ് കെ ചന്ദ്രു**

❖ ശാസ്ത്രരംഗത്ത് നൽകിയ അതുല്യ സംഭാവനയ്ക്ക് ബ്രിട്ടീഷ് രാജവംശത്തിന്റെ റോയൽ ഓർഡർ ഓഫ് മെറിറ്റ് ലഭിച്ച ഇന്ത്യൻ വംശജനായ നൊബേൽ സമ്മാന ജേതാവ് ?
- **പ്രൊഫ. വെങ്കടരാമൻ രാമകൃഷ്ണൻ (2009 രസതന്ത്ര നൊബേൽ ജേതാവ്)**

- 2027-ഓടെ പലിശരഹിത ബാങ്കിംഗ് സംവിധാനങ്ങളിലേക്ക് മാറാൻ തയ്യാറെടുക്കുന്ന രാജ്യം ?
  - **പാകിസ്ഥാൻ**
- ബഹിരാകാശനിലയത്തിലേക്ക് ചരക്കുകളെത്തിക്കാനുള്ള കാർഗോ ബഹിരാകാശ പേടകം വിജയകരമായി വിക്ഷേപിച്ച രാജ്യം ?
  - **ചൈന (ട്രിയാൻഷു 5 പേടകത്തെ വഹിച്ചുകൊണ്ട് ലോങ്മാർച്ച് 7 വൈ6 റോക്കറ്റ് വെൻചാങ് ബഹിരാകാശ പര്യവേക്ഷണ നിലയത്തിൽ നിന്ന് കുതിച്ചുയർന്നത്)**
- കേരളത്തിലെ 142 പോലീസ് സ്റ്റേഷനുകൾ ബാല സൗഹൃദം ആക്കുന്നതിന് സഹകരിക്കുന്ന അന്താരാഷ്ട്ര സംഘടന ?
  - **യൂനിസെഫ്**
- ട്രാക്ക് ഏഷ്യാ കപ്പ് 2022 സൈക്ലിംഗ് ടൂർണമെന്റിന് വേദിയാകുന്ന ഇന്ത്യൻ സംസ്ഥാനം ?
  - **കേരളം**
- ഇന്ത്യ രാജ്യാന്തര ചലച്ചിത്രമേളയിൽ (ഐ.എഫ്.എഫ്.ഐ.) ഹോമേജ് വിഭാഗത്തിൽ പ്രദർശിപ്പിക്കപ്പെടുന്ന മലയാള സിനിമകൾ ?
  - **ശാന്തം, ഋതുഭേദം**
  - **അന്തരിച്ച കെ.പി.എ.സി. ലളിത, പ്രതാപ് പോത്തൻ എന്നീ ചലച്ചിത്ര താരങ്ങളോടുള്ള ആദരസൂചകം ആയാണ് ഹോമേജ് വിഭാഗത്തിൽ പ്രദർശിപ്പിക്കുന്നത്**
- സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ 1383 പോയിന്റുകളോടെ കിരീടം നേടിയത് ?
  - **പാലക്കാട് (2. മലപ്പുറം, 3. കണ്ണൂർ)**
- അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ (ICC) യുടെ ചെയർമാൻ ആയി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ന്യൂസിലൻഡ് സ്വദേശി ?
  - **ഗ്രെഗ് ബാർക്ലെ**
- ഐ.സി.സി. ഫിനാൻസ് ആൻഡ് കൊമേഴ്സ്യൽ അഫയേഴ്സ് കമ്മിറ്റി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ബി.സി.സി.ഐ. സെക്രട്ടറി ?
  - **ജയ് ഷാ**

## NOV 14

- World Kindness Day ആയി ആചരിക്കുന്നത് ?

- **നവംബർ 13**

❖ ഈ വർഷത്തെ World Kindness Day യുടെ പ്രമേയം ?

- **Be Kind Whenever Possible**

❖ ശിശുദിനം ആഘോഷിക്കുന്നത് ?

- **നവംബർ 14**

❖ ലോക പ്രമേഹ ദിനം ആചരിക്കുന്നത് ?

- **നവംബർ 14**

❖ 2021-2023 വരെ ലോക പ്രമേഹ ദിനത്തിന്റെ പ്രമേയം?

- **Access to Diabetes Care**

❖ പത്രപ്രവർത്തന മികവിനുള്ള ഈ വർഷത്തെ ഇന്റർനാഷണൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യ ചാപ്റ്ററിന്റെ പുരസ്കാരം ലഭിച്ചത് ?

- **എൻ ഡി ടിവിയിലെ സൗരഭ് ശുക്ല യ്ക്കും, വാർത്ത പോർട്ടലായ ദ് പ്രിന്റിനും**

❖ ഈ വർഷത്തെ ജി 20 രാജ്യങ്ങളുടെ ഉച്ചകോടി നടക്കുന്നത് ?

- **നവംബർ 14-16, ബാലി, ഇന്തോനേഷ്യ**

❖ 2022-2023 സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ സാമ്പത്തിക വളർച്ച ഏഴ് ശതമാനമായി കുറയുമെന്ന് മുന്നറിയിപ്പ് നൽകിയ രാജ്യാന്തര റേറ്റിംഗ് ഏജൻസി ?

- **മൂഡീസ് റേറ്റിങ്**

❖ ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള പോളിംഗ് സ്റ്റേഷൻ ?

- **താഷിഗാംഗ് പോളിംഗ് സ്റ്റേഷൻ, ഹിമാചൽ പ്രദേശ് (15256 അടി ഉയരത്തിൽ)**

❖ മൂന്നാമത് No Money for Terror കോൺഫറൻസിന് വേദിയാകുന്നത് ?

- **ഇന്ത്യ**

❖ 2021ൽ പത്മശ്രീ പുരസ്കാരം ലഭിച്ച പ്രശസ്ത ഗണിതശാസ്ത്രജ്ഞനും മഹാപണ്ഡിതനുമായ വ്യക്തി അന്തരിച്ചു. പേര് ?

- **ആർ. എൽ. കശ്യപ്**

❖ അമുർ ഫാൽക്കൺ ഫെസ്റ്റിവലിന്റെ ഏഴാമത് പതിപ്പ് നടക്കുന്ന ഇന്ത്യൻ സംസ്ഥാനം ?

- **മണിപ്പൂർ (2022 നവംബർ 14)**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- ഇന്ത്യൻ നേവിയുടെ വെസ്റ്റേൺ കമാൻഡ് അടുത്തിടെ മുംബൈ തീരത്ത് നടത്തിയ ഓഫ്ഷോർ സുരക്ഷാ അഭ്യാസം ?
    - **പ്രസ്ഥാൻ**
- വിമുക്തഭടന്മാർക്കുള്ള വ്യോമാഭ്യാസത്തിനിടെ കൂട്ടിയിടിച്ച് പൈലറ്റ് ഉൾപ്പെടെ 6 പേർ മരിച്ചത് എവിടെയാണ് ?
    - **ഡാലസ് എക്സിക്യൂട്ടീവ് വിമാനത്താവളം, അമേരിക്ക**
    - **രണ്ടാം ലോകമഹായുദ്ധ കാലത്ത് അമേരിക്കൻ സൈന്യത്തിന്റെ ഭാഗമായിരുന്ന ബോയിങ് ബി-17 ബോംബർ വിമാനവും പി-63 കിങ് കോബ്ര യുദ്ധവിമാനവുമാണ് അപകടത്തിൽപ്പെട്ടത്.**
- 2022 നവംബർ 13 ന് ആറു പേർ* മരിച്ച, 53 പേർക്ക് ഗുരുതരമായി പരിക്കേറ്റ ശക്തമായ സ്ഫോടനം നടന്നത് എവിടെയാണ്?
    - **ഇസ്താംബുൾ, തുർക്കിയെ**
- ഒരു പാർട്ടിയിൽ നിന്ന് മറ്റൊന്നിലേക്ക് വോട്ടുകൾ മാറുന്നത് കാണിക്കാൻ ഉപയോഗിക്കുന്ന ഒരു ഗ്രാഫിക്സ് ഉപകരണമായ സ്വിംഗോമീറ്റർ കണ്ടുപിടിച്ച അടുത്തിടെ അന്തരിച്ച ആധുനിക തിരഞ്ഞെടുപ്പ് ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വ്യക്തി ?
    - **സർ ഡേവിഡ് ബട്ട്ലർ (98)**
- തൃപ്പൂണിത്തുറ ഹിൽപാലസ് പഠന കേന്ദ്രം ഏർപ്പെടുത്തിയ പരീക്ഷിത് തമ്പുരാൻ പുരസ്കാരം ലഭിച്ചത് ?
    - **ഡോ. എം. ലീലാവതി (50000 ₹, പ്രശസ്തി പത്രവും ഫലകവും)**
- ഇത്തവണത്തെ ലോകായുക്ത ദിനാചരണത്തിൽ സംസ്ഥാനത്ത്(കേരളം) മുഖ്യാതിഥിയായെത്തുന്ന തമിഴ്നാട് ഗവർണർ ?
    - **ആർ. എൻ. രവി**
- ബധിര സ്പോർട്സ് കൗൺസിലിന്റെ കേരള സംസ്ഥാന ബധിര കായിക മേളയ്ക്ക് വേദിയാകുന്ന ജില്ല ?
    - **കാസർഗോഡ്**
- ജയൻ കലാ സാംസ്കാരിക വേദിയുടെ യുവ സംരംഭക പുരസ്കാരത്തിന് അർഹരായ ചലച്ചിത്ര നിർമ്മാണ കമ്പനിയായ എസ് ക്യൂബ് ഫിലിംസിന്റെ സാരഥികൾ ?
    - **ഷെനൂഗ, ഷെഗ്ന, ഷെർഗ**

- ഗുവാഹത്തി വേദിയാകുന്ന 37-ാമത് ദേശീയ ജൂനിയർ അത്‌ലറ്റിക്സിന്റെ ആദ്യദിനം അണ്ടർ 14 പെൺകുട്ടികളുടെ ഹൈജമ്പിൽ സ്വർണം നേടിയ മലയാളി ?
    - **സി. പി. അശ്മിക**
- പാക്കിസ്ഥാനെ 5 വിക്കറ്റിന് പരാജയപ്പെടുത്തി 2022ലെ ടി20 ലോകകപ്പ് നേടിയ രാജ്യം
    - **ഇംഗ്ലണ്ട് (ക്യാപ്റ്റൻ - ജോസ് ബട്ട്ലർ)**
- ഏകദിനത്തിലും ട്വന്റി 20-യിലും ഒരേസമയം കിരീടമുള്ള ഏക ടീം ആയത് ?
    - **ഇംഗ്ലണ്ട് (2019 ഏകദിന ലോകകപ്പ് ,2022 ട്വന്റി 20 ലോകകപ്പ് )**
- ഇംഗ്ലണ്ടിനു വേണ്ടി ഫൈനലിൽ അർധസെഞ്ചുറി നേടി വിജയറൺ കുറിച്ചത് ?
    - **ബെൻ സ്റ്റോക്സ്**

- മാൻ ഓഫ് ദ മാച്ച്, മാൻ ഓഫ് ദ സിരീസ് ട്രോഫികൾ നേടിയത് ?
    - **സാം കറൻ (ഇംഗ്ലണ്ട്)**
- എട്ടാമത് ഐസിസി ട്വന്റി 20 പുരുഷ ലോകകപ്പ് ഫൈനലിന് വേദിയായത് ?
    - **മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ട് (MCG), ഓസ്‌ട്രേലിയ**
- ടൂർണമെന്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയത് ?
    - **വിരാട് കോഹ്‌ലി (296 റൺസ്, ഇന്ത്യ)**
- ടൂർണമെന്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയത് ?
    - **വനിന്ദു ഹസരംഗ (15 വിക്കറ്റ്, ശ്രീലങ്ക)**
- 2024 ലെ അടുത്ത ട്വന്റി 20 ലോകകപ്പ് നടക്കുന്നത് ?
    - **വെസ്റ്റ് ഇൻഡീസ്, യു എസ് എ**

## NOV 15

- ജനജാതീയ ഗൗരവ് ദിവസ് ആയി ആചരിക്കുന്നത് ?
    - **നവംബർ 15 (ബിർസ മുണ്ട യുടെ ജന്മദിനം)**
- "Nritya Katha: Dance Stories for Children" എന്ന പുസ്തകം രചിച്ച ഒഡീസി നർത്തകി ?
    - **ജയ മെഹ്ത**
- പ്രസാർ ഭാരതിയുടെ പുതിയ സി.ഇ.ഒ ആയി നിയമിതനായ മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥൻ ?
    - **ഗൗരവ് ദ്വിവേദി**
- കലാരംഗത്ത് നൽകിയ സംഭാവനകൾ പരിഗണിച്ചുകൊണ്ട് ബർമിങ്ഹാം സിറ്റി സർവകലാശാല നൽകുന്ന ഓണററി ഡോക്ടറേറ്റ് ലഭിക്കുന്ന ഇന്ത്യൻ ഗായകൻ ?

- **ശങ്കർ മഹാദേവൻ**

❖ 41-ാമത് ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (ഐടിഎഫ്) ആരംഭിച്ചത് ?

- **പ്രഗതി മൈതാൻ, ന്യൂഡൽഹി**

❖ 104-ാം സ്ഥാപക ദിനത്തോടനുബന്ധിച്ച് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ അടുത്തിടെ പുറത്തിറക്കിയ സൂപ്പർ ബാങ്കിംഗ് ആപ്പ് ?

- **യൂണിയൻ വ്യോം ആപ്പ്**

❖ അടുത്തിടെ 'എലിഫന്റ് അഡോപ്ഷൻ സ്കീം' അവതരിപ്പിച്ച തമിഴ്നാട്ടിലെ കടുവാ സങ്കേതം ?

- **ആനമല ടൈഗർ റിസർവ്**

❖ വേൾഡ് ജസ്റ്റിസ് പ്രോജക്ട് (ഡബ്ല്യുജെപി) എന്ന അന്താരാഷ്ട്ര സിവിൽ സൊസൈറ്റി ഓർഗനൈസേഷൻ പുറത്തിറക്കിയ റൂൾ ഓഫ് ലോ സൂചികയിൽ 140 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം ?

- **77**
- **(1. ഡെൻമാർക്ക് 2. നോർവെ 3. ഫിൻലൻഡ്..140. വെനസ്വേല)**

❖ ആഗോളതലത്തിലുള്ള മീഥേൻ വാതകത്തിന്റെ ഉദ്വമനം(emission) കണ്ടെത്താനും സർക്കാറുകൾക്ക് അവബോധം നൽകുന്നതിനുമായി ഐക്യരാഷ്ട്രസഭ തയ്യാറാക്കുന്ന ഉപഗ്രഹ അധിഷ്ഠിത സംവിധാനം ?

- **MARS (Methane Alert and Response System)**

❖ യുഎസ് ഇടക്കാല തെരഞ്ഞെടുപ്പിൽ ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജിയായി തിരഞ്ഞെടുക്കപ്പെട്ട മലയാളി ?

- **കെ. പി. ജോർജ്**

❖ 2022 ലെ ബെയ്ജിങ് കവീർ ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്ന ഇന്ത്യൻ സിനിമ ?

- **തിരക്കഥാകൃത്തും ഗാനരചയിതാവുമായ വരുൺ ഗ്രോവറിന്റെ ആദ്യ ഹ്രസ്വചിത്രം 'കിസ്സ്'**

❖ ലോകചലച്ചിത്ര മേഖലയിലെ ആജീവനാന്ത സംഭാവനയ്ക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ സത്യജിത് റായ് പുരസ്കാരം ലഭിച്ച സ്പാനിഷ് സംവിധായകൻ ?

- **കാർലോസ് സൗറ(90)**

❖ സ്ലോവേനിയയുടെ ആദ്യ വനിതാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ?

- **നതാസ പിർക്ക് മുസാർ**

- തുടർച്ചയായി ഏറ്റവും കൂടുതൽ കാലം കേരളത്തിന്റെ മുഖ്യമന്ത്രി പദത്തിലിരിക്കുന്ന വ്യക്തി എന്ന നേട്ടം കൈവരിച്ചത് ?
  - **പിണറായി വിജയൻ (മറികടന്നത് 1970 ഒക്ടോബർ 4 മുതൽ 1977 മാർച്ച് 25 വരെ 2364 ദിവസത്തെ സി. അച്യുതമേനോന്റെ റെക്കോർഡ്)**
- സ്ക്രബ് ടൈഫസ് അഥവാ ചെള്ളുപനി റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ല ?
  - **ആലപ്പുഴ (രോഗം പരത്തുന്ന ബാക്ടീരിയ - ഒറിയൻഷ്യ സുസുഗാമി)**
- രവീന്ദ്രനാഥ ടാഗോറും ശ്രീനാരായണഗുരുവും കണ്ടുമുട്ടിയതിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ദിവസം ?
  - **2022 നവംബർ 15**
- ഇന്ത്യൻ ബാഡ്മിന്റൺ താരം പിവി സിന്ധു ഫിറ്റ് ഇന്ത്യ മൂവ്മെന്റിന്റെ ഫിറ്റ് ഇന്ത്യ സ്കൂൾ വീക്ക് 2022-ന്റെ ചിഹ്നങ്ങൾ പുറത്തിറക്കി. പേരുകൾ ?
  - **തൂഫാനും തൂഫാനിയും**
- 2022-ൽ ജോർദാനിലെ അമാനിൽ നടന്ന ഏഷ്യൻ എലൈറ്റ് ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ താരം ?
  - **ശിവ ഥാപ്പ**
- ഇന്ത്യൻ ശത കോടിശ്വരൻ മുകേഷ് അംബാനി ഏറ്റെടുക്കുമെന്ന അഭ്യൂഹം നിലനിൽക്കുന്ന ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോൾ ടീം ?
  - **ലിവർപൂൾ**
- കേന്ദ്ര കായികമന്ത്രാലയം പ്രഖ്യാപിച്ച ഇത്തവണത്തെ അർജുന അവാർഡ് ലഭിച്ച മലയാളി താരങ്ങൾ ?
  - **എച്ച്. എസ്. പ്രണോയ് (ബാഡ്മിന്റൺ)**
  - **എൽദോസ് പോൾ (ട്രിപ്പിൾജമ്പ്)**
- രാജ്യത്തെ പരമോന്നത കായിക പുരസ്കാരമായ മേജർ ധ്യാൻചന്ദ് ഖേൽരത്ന ലഭിച്ച ടേബിൾ ടെന്നിസ് താരം ?
  - **അചന്ത ശരത് കമൽ**
- ദ്രോണാചാര്യ പുരസ്കാരം ലഭിച്ചത് ആർക്കെല്ലാം ?
  - **ജീവൻ ജ്യോത് സിങ് തേജ (അമ്പെയ്ത്ത്)**
  - **മുഹമ്മദലി ഒമർ (ബോക്സിംഗ്)**
  - **സുമ ഷിരൂർ (പാരാ ഷൂട്ടിങ്)**
  - **സുജിത് മാൻ (ഗുസ്തി)**

## NOV 16

- പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്ഥാപക ദിനം ആഘോഷിക്കുന്നതിനായി എല്ലാ വർഷവും National Press Day ആചരിക്കുന്നത് ?
  - **നവംബർ 16**
- അന്താരാഷ്ട്ര സഹിഷ്ണുതാ ദിനമായി ആചരിക്കുന്നത് ?
  - **നവംബർ 16**
- ദേശീയ നവജാതശിശു വാരമായി ആഘോഷിക്കുന്നത് ?
  - **നവംബർ 15 മുതൽ 21 വരെ**
- കോസ്റ്റൽ ഡിഫൻസ് എക്സർസൈസ് ആയ സീ വിജിൽ ന്റെ മൂന്നാം പതിപ്പ് തുടങ്ങിയത് ?
  - **നവംബർ 15-ന്**
- ഹൈഡ്രജൻ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന ലോകത്തെ ആദ്യ ബോട്ട് ?
  - **എനർജി ഒബ്സർവർ**
- ലോക പര്യടനത്തിന്റെ ഭാഗമായി എനർജി ഒബ്സർവർ ബോട്ട് ഇന്ത്യയിൽ സന്ദർശിച്ച ഏക നഗരം ?
  - **കൊച്ചി**
- ഐക്യരാഷ്ട്ര സംഘടന അവതരിപ്പിച്ച 17 സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ആദ്യ ഫ്രഞ്ച് അംബാസഡർ പദവി ഉള്ളത് ?
  - **എനർജി ഒബ്സർവർ**
- ഏതു വർഷത്തോടുകൂടിയാണ് കാർബൺ ബഹിർഗമനം പൂജ്യത്തിൽ എത്തിക്കാൻ ഇന്ത്യ ലക്ഷ്യമിടുന്നത് ?
  - **2070**
- പരമ്പരാഗത കലകളെ പുനരുജ്ജീവിപ്പിക്കാൻ 2022 ൽ കരകൗശല നയം ആരംഭിച്ച സംസ്ഥാനം ?
  - **രാജസ്ഥാൻ**
- 2024ലെ പാരിസ് ഒളിമ്പിക്സിന്റെയും പാരാലിമ്പിക്സിന്റെയും ഭാഗ്യചിഹ്നമായി അവതരിപ്പിച്ചത് ?
  - **ചുവന്ന ഫ്രീജിയൻ തൊപ്പികൾ ഫ്രഞ്ച് വിപ്ലവത്തിന്റെ ഓർമ പുതുക്കാനാണ് അക്കാലത്ത് പടയാളികൾ ധരിച്ചിരുന്ന ഫ്രീജിയൻ തൊപ്പികൾ ഭാഗ്യചിഹ്നമാക്കിയത്.**

- മൂല്യങ്ങളോടും ധാർമിക നിലവാരങ്ങളോടും പൊരുത്തപ്പെടാത്ത ചിത്രം അനുവദിക്കാനാകില്ലെന്നും പരാതി ലഭിച്ചതിനാൽ പാകിസ്ഥാൻ വിലക്ക് ഏർപ്പെടുത്തിയ അവരുടെ ഔദ്യോഗിക ഓസ്കർ എൻട്രിയായ ചലച്ചിത്രം ?
  - **ജോയ് ലാൻഡ്**
- ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ (IOA) അത്‌ലറ്റ്സ് കമ്മീഷൻ അംഗങ്ങൾ ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **മേരി കോം, പി വി സിന്ധു, മീരാഭായ് ചാനു, ഗഗൻ നരംഗ്**
- ദക്ഷിണ കൊറിയയിലെ ദേഗുവിൽ നടക്കുന്ന ഏഷ്യൻ എയർഗൺ ചാമ്പ്യൻഷിപ്പ് 2022-ൽ മിക്സഡ് ടീം വിഭാഗത്തിൽ 10 മീറ്റർ എയർ റൈഫിളിൽ സ്വർണം നേടിയത് ?
  - **അർജുൻ ബാബുത, മെഹുലി ഘോഷ്**
- 2022 ലെ പാരാ ഷൂട്ടിംഗ് വേൾഡ് ചാമ്പ്യൻഷിപ്പിൽ മിക്സഡ് 50 മീറ്റർ പിസ്റ്റൾ ഇനത്തിൽ വെള്ളി മെഡൽ നേടിയത്?
  - **സിംഗ്‌രാജ്, മനീഷ് നർവാൾ, ദീപേന്ദർ സിംഗ്**
- ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ തയ്യാറാക്കിയ 75 വനിതാ സംരംഭകരുടെ പട്ടികയിൽ കേരളത്തിൽ നിന്നും ഇടം നേടിയത് ?
  - **അശ്വതി വേണുഗോപാൽ (എഡ്യുടെക് സ്റ്റാർട്ടപ്പായ അവസർശാല യുടെ സ്ഥാപക)**
- പ്രശസ്ത കർണാടക സംഗീതജ്ഞനും തൃപ്പൂണിത്തുറ ഗവ. ആർ.എൽ.വി. കോളേജ് റിട്ട. പ്രൊഫസറുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **പ്രൊഫ. മാവേലിക്കര പി. സുബ്രഹ്മണ്യം (66)**
- ദേശീയ ജൂനിയർ അത്‌ലറ്റിക്സിൽ അണ്ടർ-16 10 മീറ്റർ ഹർഡിൽസിൽ ദേശീയ റെക്കോഡോടെ സ്വർണം നേടിയ മലയാളി ?
  - **കെ. കിരൺ**
- തപസ്യ കലാസാഹിത്യ വേദിയുടെ ലക്ഷം ₹യുടെ അക്കിത്തം സ്മാരക പുരസ്കാരം ലഭിച്ച ഗാനരചയിതാവ് ?
  - **ശ്രീകുമാരൻ തമ്പി**
- ചെങ്ങന്നൂർ കഥകളി ആസ്വാദനക്കളരി ഗുരു ചെങ്ങന്നൂർ രാമൻപിള്ള ആശാന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ ഗുരു ചെങ്ങന്നൂർ സ്മാരക പുരസ്കാരത്തിന് അർഹനായത് ?
  - **കഥകളി ആചാര്യൻ കലാമണ്ഡലം ഗോപി (25000₹)**

- എം.ജി.സോമൻ സ്മാരക ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് അർഹനായത് ?
  - **കമൽഹാസൻ**
  - **അഞ്ചുലക്ഷം ₹, ഫലകവും മംഗളപത്രവും ആണ് അവാർഡ്**

## NOV 17

- ദേശീയ അപസ്മാര ദിനം ആചരിക്കുന്നത് ?
  - **നവംബർ 17**
- ഐക്യരാഷ്ട്ര സംഘടനയുടെ കണക്ക് പ്രകാരം ലോക ജനസംഖ്യ 800 കോടി കടന്ന ദിവസം ?
  - **നവംബർ 15, 2022**
- കാലാവസ്ഥാ വ്യതിയാന പ്രകടന സൂചിക 2023 ൽ 63 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം ?
  - **8 (2022,2021- 10th)**
- ഇന്ത്യ-യുഎസ് സംയുക്ത പരിശീലന അഭ്യാസത്തിന്റെ 18ആമത് എഡിഷൻ "യുദ്ധ് അഭ്യാസ്" നടക്കുന്നത് ?
  - **ഉത്തരാഖണ്ഡ്**
- ബാലിയിൽ സമാപിച്ച G20 ഉച്ചകോടിയുടെ അടുത്ത വർഷത്തെ അധ്യക്ഷ സ്ഥാനം ഇന്ത്യയ്ക്ക് കൈമാറുന്നത് ?
  - **2022 ഡിസംബർ 1 ന്**
- 18ആമത് G20 ഉച്ചകോടി നടക്കുന്നത് ?
  - **2023 സെപ്റ്റംബർ 9,10**
- 2022 ൽ ഈജിപ്റ്റിൽ വെച്ച് നടന്ന ആഗോള കാലാവസ്ഥാ ഉച്ചകോടിയിൽ (COP 27) ഇന്ത്യ ആരംഭിച്ച ക്യാംപെയിനിന്റെ പേര് ?
  - **In Our LiFEtime**
- ചന്ദ്രനിലേക്ക് മനുഷ്യനെ അയക്കാനുള്ള നാസയുടെ ദൗത്യം ആദ്യഘട്ടം വിജയിച്ചു. ആർട്ടെമിസ് 1 വിക്ഷേപിച്ചത് എവിടെ നിന്നാണ് ?
  - **ഫ്ലോറിഡയിലെ കേപ് കനെവെറലിലുള്ള കെന്നഡി സ്പെയ്സ് സെന്ററിൽ നിന്നും**
- ഓറിയോൺ പേടകത്തെ (7700kg ഭാരം) വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ച റോക്കറ്റ് ?
  - **എസ്എൽഎസ് റോക്കറ്റ് (Space Launch System)**

- നാസയുടെ ഏറ്റവും കരുത്തുറ്റ റോക്കറ്റ് ആയ എസ്എൽഎസ് റോക്കറ്റിന്റെ ഭാരം, ഉയരം ?
  - **46 ടൺ ഭാരം,98മീറ്റർ ഉയരം**
- ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയുടെ മേധാവിയായി കേന്ദ്രസർക്കാർ കാലാവധി നീട്ടിയത് ആരുടെ ?
  - **വി. ജി. സോമാനി**
- ISO 27001 സർട്ടിഫിക്കേഷൻ നേടുന്ന ചെന്നൈ ആസ്ഥാനമായ ആദ്യ ഫിഷറീസ് സ്റ്റാർട്ടപ്പ് ഏതാണ് ?
  - **അകപാകണക്ക്**
- സ്വദേശികൾക്ക് മാത്രം ഭൂമിയുടെ അവകാശം നൽകുകയെന്ന ലക്ഷ്യത്തോടെ മിഷൻ ബസുന്ദര 2.0 ആരംഭിച്ച സംസ്ഥാനം ?
  - **അസം**
- വിക്ടോറിയ ഓസ്ട്രേലിയൻ ഓഫ് ദി ഇയർ അവാർഡിന് അർഹനായ ഇന്ത്യൻ വംശജനായ ശിശുരോഗവിദഗ്ധൻ ?
  - **ഡോ. അംഗരാജ് ഖിലൻ (56)**
- സ്കൈ റൂട്ട് എയ്റോസ്പേസ് ഹൈദരാബാദ് നിർമ്മിച്ച വിക്രം എസ് ശ്രീഹരികോട്ടയിൽ നിന്ന് വിക്ഷേപിക്കുന്നത് ?
  - **നവംബർ 18, 2022**
- ഈ വർഷം ഗൂഗിൾ, ഇന്ത്യയിൽ നടത്തിയ 'ഡൂഡിൽ ഫോർ ഗൂഗിൾ' മത്സരത്തിലെ വിജയിയായത് ?
  - **ശ്ലോക് മുഖർജി**
- 2002 നവംബർ 18-ന് മലപ്പുറം ജില്ലയിൽ ആരംഭിച്ച ഏത് പദ്ധതിയാണ് 20-)ം വാർഷികം ആചരിക്കുന്നത് ?
  - **അക്ഷയ**
- കേരള സംഗീത നാടക അക്കാദമിയുടെ സാരഥികളായി സർക്കാർ ഉത്തരവ് ഇറക്കിയത് ?
  - **ചെയർമാൻ - മട്ടന്നൂർ ശങ്കരൻകുട്ടി ;**
  - **സെക്രട്ടറി - കരിവെള്ളൂർ മുരളി**
- അടുത്തിടെ നടന്ന കേരള സംസ്ഥാന ബഡ്സ് കലോത്സവത്തിൽ ചാമ്പ്യൻമാരായത് ?
  - **തൃശൂർ**

- 2022 നവംബറിൽ കർണാടകയിൽ നടന്ന ദക്ഷിണമേഖലാ ദേശീയ സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിൽ ഓവറോൾ കിരീടം നേടിയത് ?
  - **കേരളം**

## NOV 18

- ശാസ്ത്ര ഗവേഷണ മേഖലയിലെ മികവിന് ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ നൽകുന്ന ഒരു ലക്ഷം ഡോളർ (~ 81 ലക്ഷം ₹) പുരസ്കാരത്തിന് അർഹരായത് ആരൊക്കെ ?
  - **സുധീർ കൃഷ്ണസ്വാമി - ഹ്യൂമാനിറ്റീസ്**
  - **പ്രൊഫ. മഹേഷ് കാക്ഡെ - ഗണിതശാസ്ത്രം**
  - **പ്രൊഫ. സുമൻ ചക്രവർത്തി - എൻജിനീയറിങ് & കമ്പ്യൂട്ടർ സയൻസ്**
  - **പ്രൊഫ. വിദിത വൈദ്യ - ലൈഫ് സയൻസസ്**
  - **പ്രൊഫ. നിസിം ഖാനേക്കർ- ഫിസിക്കൽ സയൻസ്**
  - **പ്രൊഫ.രോഹിണി പാണ്ഡെ -സോഷ്യൽ സയൻസ്**
- നരവംശ ശാസ്ത്ര മേഖലയിൽ ആറ് പതിറ്റാണ്ടുകളായി സജീവമായിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **പി ആർ ജി മാത്തൂർ എന്ന മാത്തൂർ പൊടികുളങ്ങര രാമസ്വാമി ഗോവിന്ദൻകുട്ടി (88)**
- പ്രാഥമിക ഗണിതശേഷി എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് കെ-ഡിസ്കിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഏത് പദ്ധതിയാണ് മുഴുവൻ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നത് ?
  - **മഞ്ചാടി**
- സാക്ഷരത പരീക്ഷയിൽ ഉന്നത വിജയം സ്വന്തമാക്കിയ കാർത്യായനി അമ്മയുടെ ജീവിതം ആസ്പദമാക്കി സെലിബ്രിറ്റി ഷെഫ് വികാസ് ഖന്ന രചിച്ച ചിത്രകഥാ പുസ്തകം
  - **ബെയർഫൂട്ട് എംപ്രസ്**
- സാമൂഹികനീതി വകുപ്പിന്റെ ഈ വർഷത്തെ മികച്ച ഭിന്നശേഷി സൗഹൃദ ജില്ലാ പഞ്ചായത്ത് പുരസ്കാരം ലഭിച്ചത് ?
  - **കണ്ണൂർ**

- സാമൂഹികനീതി വകുപ്പിന്റെ ഈ വർഷത്തെ  മികച്ച ഭിന്നശേഷി സൗഹൃദ ഭരണകൂടം പുരസ്കാരം ലഭിച്ചത് ?
    - **കോഴിക്കോട്**
- സാമൂഹികനീതി വകുപ്പിന്റെ ഈ വർഷത്തെ മികച്ച ഭിന്നശേഷി സൗഹൃദ കോർപ്പറേഷൻ പുരസ്കാരം ലഭിച്ചത് ?
    - **തിരുവനന്തപുരം**
- സാമൂഹികനീതി വകുപ്പിന്റെ ഈ വർഷത്തെ മികച്ച ബ്ലോക്ക് പഞ്ചായത്ത് പുരസ്കാരം ലഭിച്ചത് ?
    - **നിലമ്പൂർ (മലപ്പുറം)**
- സാമൂഹികനീതി വകുപ്പിന്റെ ഈ വർഷത്തെ മികച്ച ഗ്രാമപഞ്ചായത്ത് പുരസ്കാരം ലഭിച്ചത് ?
    - **അരിമ്പൂർ (തൃശൂർ)**
- പശ്ചിമ ബംഗാളിന്റെ 22 ആമത് ഗവർണർ ആയി നിയമിതനായ മലയാളിയായ മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥൻ ?
    - **സി. വി. ആനന്ദബോസ് (കോട്ടയം മാന്നാനം സ്വദേശി)**
- കാഞ്ഞിക്കൽ ദേവീക്ഷേത്ര സേവാസമിതിയുടെ കൈതയ്ക്കൽ മഹാമുനി (11,111 ₹) പുരസ്കാരം ലഭിച്ചത് ?
    - **ഡോ. എഴുമറ്റൂർ രാജരാജവർമ**
    - **(കവിതാസമാഹാരം - എഴുമറ്റൂരിന്റെ കവിതകൾ)**
- ദക്ഷിണാമൂർത്തി സംഗീതരത്ന പുരസ്കാരം നേടിയ ഗായകൻ ?
    - **മധു ബാലകൃഷ്ണൻ**
- നിതി ആയോഗിന്റെ മുഴുവൻ സമയ അംഗമായി നിയമിക്കപ്പെട്ടത് ?
    - **ഡോ. അരവിന്ദ് വിർമാനി**
- ഷെവലിയർ ഡി ലാ ലെജിയൻ ഡി ഹോണർ (നൈറ്റ് ഓഫ് ദി ലെജിയൻ ഓഫ് ഓണർ) സമ്മാനിച്ചത് ആർക്കാണ് ?
    - **സുമീത് ആനന്ദ് (സമ്മാനിച്ചത് - ഇമ്മാനുവൽ ലെനൈൻ (ഇന്ത്യയിലെ ഫ്രാൻസ് അംബാസഡർ))**
- നവംബർ 19 മുതൽ ഡിസംബർ 6 വരെ അന്താരാഷ്ട്ര ഗീതാ മഹോത്സവം നടക്കുന്നത്
    - **കുരുക്ഷേത്ര, ഹരിയാന**

- മൃഗസംരക്ഷണത്തിനായുള്ള കന്നുകാലി വാക്സിനുകൾ ഡ്രോൺ മുഖേന വിതരണം ചെയ്യത് ?
    - **ടെക് ഈഗിൾ ,ഡ്രോൺ ഡെലിവറി സ്റ്റാർട്ടപ്പ്, അരുണാചൽ പ്രദേശ്**
- ഇന്ത്യ ഏത് രാജ്യത്തോടൊപ്പം ആണ് LeadIT (Leadership for Industry Transition) Summit നടത്തിയത് ?
    - **സ്വീഡൻ**
- ഇന്ത്യൻ സമുദ്രാതിർത്തിയിൽ മലയാളി മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന കടൽക്കൊല കേസിലെ പ്രതികളിലൊരാളായിരുന്ന ഇറ്റാലിയൻ നാവികൻ രചിച്ച പുസ്തകം ?
    - **ദി അബ്ഡക്ഷൻ ഓഫ് ദി മറീൻ (Writer- മാസിമിലിയാനോ ലത്തോറെ)**
- ഫെയ്സ്ബുക്കിന്റെ മാതൃ കമ്പനിയായ മെറ്റയുടെ ഇന്ത്യയിലെ പുതിയ മേധാവിയും വൈസ് പ്രസിഡന്റുമായി നിയമിതയായത് ?
    - **സന്ധ്യാ ദേവനാഥൻ**
    - **2023 ജനുവരി ഒന്നിന് ചുമതലയേൽക്കും.**
- പ്രിൻസിപ്പിൾസ് ഓഫ് ബാസ്കറ്റ്ബോൾ എന്ന പുസ്തകത്തിന്റെ രചയിതാവ് കൂടിയായ ഇന്ത്യൻ ബാസ്കറ്റ്ബോളിലെ ഇതിഹാസ താരം അന്തരിച്ചു. പേര് ?
    - **ഗുലാം അബ്ബാസ് മൊണ്ടസിർ (80)**
- ഗുവാഹത്തിയിൽ നടന്ന ദേശീയ ജൂനിയർ അത്‌ലറ്റിക് മീറ്റിൽ ജേതാക്കളായത് ?
    - **ഹരിയാന (2. തമിഴ്നാട്,3. ഉത്തർപ്രദേശ്... 5. കേരളം)**
- ഖത്തർ ലോകകപ്പിനുള്ള ബെൽജിയം ടീമിന്റെ വെൽനസ് റിക്കവറി തലവനായി നിയമിക്കപ്പെട്ട മലയാളി ?
    - **വിനയ് മേനോൻ (കൊച്ചി സ്വദേശി)**

## NOV 19

- ദേശീയോദ്ഗ്രഥന ദിനം ആചരിക്കുന്നത് ?
    - **നവംബർ 19 (ഇന്ദിരാഗാന്ധിയുടെ ജന്മവാർഷികം)**
- ആൻറിബയോട്ടിക് അല്ലെങ്കിൽ ആന്റിമൈക്രോബയൽ പ്രതിരോധത്തെക്കുറിച്ച് അവബോധം പ്രചരിപ്പിക്കുക എന്ന ലക്ഷ്യവുമായി ലോക ആന്റിമൈക്രോബയൽ അവബോധം വാരം ആചരിക്കുന്നത് ?
    - **നവംബർ 18-24**
- 2022 ലെ ലോക ടോയ്‌ലറ്റ് ദിനത്തിന്റെ (നവംബർ 19) പ്രമേയം?

- **ശുചിത്വവും ഭൂഗർഭജലവും**

❖ The Light We Carry എന്ന പുസ്തകത്തിന്റെ രചയിതാവ് ?

- **മിഷേൽ ഒബാമ**

❖ ലൊസാഞ്ചലസിലെ ആദ്യ ആഫ്രിക്കൻ വംശജയായ മേയർ ആയി നിയമിതയായത് ?

- **കാരൻ ബാസ്**

❖ അടുത്തിടെ ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ ഇന്ത്യയുടെ സ്ഥിരാംഗത്വത്തിന് പിന്തുണ ആവർത്തിച്ച രാജ്യം ?

- **ബ്രിട്ടൺ**

❖ കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെയ്ക്ക് ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിച്ചത് ?

- **പാരീസ്, ഫ്രാൻസ്**

❖ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സ്റ്റീൽ ഉൽപാദക രാജ്യം ആയത് ?

- **ഇന്ത്യ (1. ചൈന)**

❖ ഇന്ത്യയുടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറെ ഏത് രാജ്യത്തിന്റെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ അന്താരാഷ്ട്ര നിരീക്ഷകനായാണ് ക്ഷണിച്ചത് ?

- **നേപ്പാൾ**
- **ഇന്ത്യയുടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ -രാജീവ് കുമാർ**

❖ ഡിജിറ്റൽ ശക്തി 4.0 ക്യാമ്പെയിൻ ആരംഭിച്ചത് ?

- **ദേശീയ വനിതാ കമ്മീഷൻ**

❖ വ്യക്തികളുടെ വിവരങ്ങൾ സംരക്ഷിക്കുന്നതിൽ പിഴവു പറ്റിയാൽ ബന്ധപ്പെട്ടവരിൽ നിന്ന് ഓരോ സംഭവത്തിനും എത്ര കോടി ₹ വരെ പിഴ ഈടാക്കാൻ ആണ് കേന്ദ്രസർക്കാർ ഡിജിറ്റൽ വ്യക്തിഗത വിവരസംരക്ഷണ ബില്ലിന്റെ കരടിൽ പരാമർശിച്ചത് ?

- **500 കോടി ₹ വരെ**

❖ ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ രംഗത്ത് സ്വകാര്യമേഖലയുടെ പ്രയാണത്തിന് തുടക്കം കുറിച്ച് വിജയകരമായി പരീക്ഷിച്ച റോക്കറ്റ് ?

- **വിക്രം എസ് (വിക്ഷേപിച്ചത്: 2022 നവംബർ 18ന്)**

❖ ചെറിയ ഉപഗ്രഹങ്ങളെ കിലോമീറ്റർ വരെ ഉയരത്തിലുള്ള ഭ്രമണപഥത്തിൽ എത്തിക്കാൻ ശേഷിയുള്ള ഏത് റോക്കറ്റിന്റെ പ്രാരംഭ രൂപം മാത്രമാണ് വിക്രം എസ് ?

- **വിക്രം -1 (സ്കൈറൂട്ട് എയ്റോസ്പേസ്)**

❖ യൂറോപ്യൻ രാജ്യങ്ങളായ സ്പെയിൻ, ഫ്രാൻസ്, ബ്രിട്ടൻ, സ്കാൻഡിനേവിയൻ രാജ്യങ്ങൾ, പടിഞ്ഞാറൻ റഷ്യ എന്നിവിടങ്ങളിൽ പ്രജനനം നടത്തുന്ന ഏത് ദേശാടന പക്ഷിയെ ആണ് കേരളത്തിൽ തൃത്താലയിൽ ഭാരതപ്പുഴയോട് ചേർന്ന നിളാതടത്തിലെ നെൽവയലിൽ കണ്ടെത്തിയത് ?
  ○ **യൂറോപ്യൻ ഹണി ബസാർഡ് (തേൻകൊതിച്ചി പരുന്ത്)**
❖ കടൽത്തിരമാലകളിൽ മുങ്ങിത്താണ് അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാൻ ദക്ഷിണേന്ത്യയിൽ ആദ്യമായി റിമോട്ട് കൺട്രോൾ ഓപ്പറേറ്റഡ് ലൈഫ്ബോയ പരീക്ഷണ ദൗത്യം വിജയകരമായി പൂർത്തിയാക്കിയത് ?
  ○ **ആലപ്പുഴ**
❖ 2022 ലെ ഫിഫ ലോകകപ്പിൽ വിപണിമൂല്യത്തിൽ ഒന്നാമത് നിൽക്കുന്ന രാജ്യം ?
  ○ **ഇംഗ്ലണ്ട്**
❖ 2022 ലെ ബില്ലി ജീൻ കിംഗ് ടെന്നീസ് കപ്പ് ജേതാക്കളായ രാജ്യം ?
  ○ **സ്വിറ്റ്സർലൻഡ്**
❖ എടിപി (അസോസിയേഷൻ ഓഫ് ടെന്നീസ് പ്രൊഫഷണൽ) റാങ്കിംഗിൽ ഒന്നാം സ്ഥാനം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായി മാറുന്നത് ?
  ○ **കാർലോസ് അൽകാരസ് (സ്പെയിൻ)**
❖ ഇന്റർനാഷണൽ ടേബിൾ ടെന്നീസ് ഫെഡറേഷന്റെ (ഐടിടിഎഫ്) അത്‌ലറ്റ്സ് കമ്മീഷനിൽ തിരഞ്ഞെടുക്കപ്പെടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ താരം ?
  ○ **അചന്ത ശരത് കമൽ**
❖ ഏഷ്യൻ കപ്പ് ടേബിൾ ടെന്നീസ് ടൂർണമെന്റ് നടക്കുന്നത് ?
  ○ **ബാങ്കോക്ക്**
❖ ഏഷ്യൻ കപ്പ് ടേബിൾ ടെന്നീസ് ടൂർണമെന്റിന്റെ സെമിഫൈനലിൽ കടക്കുന്ന ആദ്യ ഇന്ത്യൻ വനിതാ താരം ?
  ○ **മനിക ബത്ര**

## NOV 20

❖ അന്താരാഷ്ട്ര പുരുഷ ദിനത്തിന്റെ (നവംബർ 19) പ്രമേയം ?
  ○ **Helping men and boys**
❖ International Children's Day ആചരിക്കുന്നത് ?
  ○ **നവംബർ 20**

- തിരഞ്ഞെടുപ്പ് കമ്മിഷണറായി രാഷ്ട്രപതി ദ്രൗപദി മുർമു നിയമിച്ച മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ ?
    - **അരുൺ ഗോയൽ**
- ഉത്തർപ്രദേശിലെ വാരാണസിയിൽ 'കാശി- തമിഴ് സംഗമം' എന്ന പേരിൽ ഒരു മാസം നീണ്ടു നിൽക്കുന്ന പരിപാടി ഉദ്ഘാടനം ചെയ്തത് ?
    - **നരേന്ദ്രമോദി**
- 600 മെഗാവാട്ട് ശേഷിയുള്ള കമേംഗ് ഹൈഡ്രോ പവർ സ്റ്റേഷൻ രാജ്യത്തിന് സമർപ്പിച്ചത് ?
    - **നരേന്ദ്രമോദി (അരുണാചൽ പ്രദേശ്)**
- 2022 നവംബർ 19 ന് നരേന്ദ്രമോദി ഉദ്ഘാടനം ചെയ്ത ഡോണി പോളോ എയർപോർട്ട് ഏത് എവിടെയാണ്?
    - **ഇറ്റാനഗർ, അരുണാചൽ പ്രദേശ്**
- സമുദ്രനിരീക്ഷ ണത്തിന് ഇന്ത്യ വികസിപ്പിച്ച ഓഷ്യൻസാറ്റ് പരമ്പരയിലെ മൂന്നാമത്തെ ഉപഗ്രഹം ഓഷ്യൻസാറ്റ്-3 വിക്ഷേപിക്കുന്നത് ?
    - **നവംബർ 26, 2022**
    - **ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിലെ വിക്ഷേപണത്തറയിൽ നിന്ന് പി.എസ്.എൽ.വി.-സി. 54 റോക്കറ്റാണ് ഓഷ്യൻസാറ്റ് -3-നെ ഭ്രമണപഥത്തിലെത്തിക്കുന്നത്.**
- സാഹിത്യത്തിനുള്ള അഞ്ചാമത് ജെ.സി.ബി. പുരസ്കാരം (25 ലക്ഷം ₹, ശില്പവും) ലഭിച്ച പ്രശസ്ത ഉറുദു എഴുത്തുകാരൻ ?
    - **ഖാലിദ് ജാവേദ് (നോവൽ -നിമത് ഖാനാ )**
- നിമത് ഖാനാ എന്ന ഉറുദു നോവൽ ഇംഗ്ലീഷിലേക്ക് ദി പാരഡൈസ് ഓഫ് ഫുഡ് എന്ന പേരിൽ വിവർത്തനം ചെയ്തത് ?
    - **ബാരൺ ഫാറൂഖി**
- കാലാവസ്ഥാ ദുരന്തങ്ങൾ നേരിടുന്ന രാജ്യങ്ങൾക്ക് ധനസഹായം നൽകുന്നതിനായി G7 രാജ്യങ്ങൾ ആരംഭിച്ച സംരംഭം ?
    - **ഗ്ലോബൽ ഷീൽഡ്**
- കുമ്പള അനന്തപുരം അനന്തപദ്മനാഭ സ്വാമീക്ഷേത്രത്തിലെ ഓർമയായ മുതല ബബിയയുടെ സ്മരണയ്ക്ക് പ്രത്യേക കവർ പുറത്തിറക്കിയത് ?
    - **തപാൽ വകുപ്പ്**

- 2021-22 ലെ സാമ്പത്തിക- സ്ഥിതി വിവരവകുപ്പ് പുറത്തുവിട്ട കണക്ക് പ്രകാരം സ്ഥിര വിലയിൽ കേരളത്തിന്റെ വളർച്ച ?
  - **12.01%**
- എൻജിനീയറിങ് തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉയർത്താൻ കേരള ഉന്നത വിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുന്ന പദ്ധതി ?
  - **SHEE (Scheme for Her Empowerment in Engineering)**
- ബാങ്കോക്കിൽ നടന്ന ഏഷ്യൻ കപ്പ് ടേബിൾ ടെന്നീസ് ടൂർണമെന്റിൽ വെങ്കല മെഡൽ നേടിയത് ?
  - **മനിക ബത്ര**
- ലോകകപ്പ് ഫുട്ബോളിന് ആതിഥേയരാകുന്ന ഏറ്റവും ചെറിയ രാജ്യം ?
  - **ഖത്തർ**
- 22-ാമത് ഫിഫ ലോകകപ്പിന്റെ ഉദ്ഘാടന മത്സരം നടക്കുന്നത് ?
  - **ഖത്തർ - ഇക്വഡോർ, അൽ ബൈത്ത് സ്റ്റേഡിയം**
- 32 ടീമുകൾ പങ്കെടുക്കുന്ന അവസാന ലോകകപ്പ് ആണ് ഖത്തറിലേത്. 2026 ൽ എത്ര ടീമുകൾ?
  - **48 ടീമുകൾ**
- മൽസരം നിയന്ത്രിക്കാൻ വനിതാ റഫറിമാരെ നിയമിക്കുന്ന ആദ്യ ഫുട്ബോൾ ലോകകപ്പ്, ഓഫ് സൈഡ് കണ്ടെത്താനുള്ള പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ആദ്യ ഫുട്ബോൾ ലോകകപ്പ് ?
  - **2022 ഖത്തർ ലോകകപ്പ്**
- ഉത്തരാർധഗോളത്തിലെ ശൈത്യകാലത്ത് നടക്കുന്ന ആദ്യ ലോകകപ്പ് ?
  - **2022 ഖത്തർ ലോകകപ്പ്**
- ഖത്തർ ലോകകപ്പിന്റെ ഔദ്യോഗിക ഗാനം, പന്ത്, ഭാഗ്യ ചിഹ്നം എന്നിവ യഥാക്രമം ?
  - **ഹയ്യാ ഹയ്യാ, അൽ രിഹ്‌ല, ല ഈബ്**
  - **ഹയ്യാ ഹയ്യാ :- എന്നാൽ ഒത്തൊരുമിച്ച് വരൂ എന്ന് അർഥം**
  - **അൽ രിഹ്‌ല :- യാത്ര,സഞ്ചാരം എന്നീ അർഥങ്ങൾ വരുന്നതാണ്**
  - **ല ഈബ് :- എന്നാൽ അറബിയിൽ പ്രതിഭാധനനായ കളിക്കാരൻ എന്ന് അർഥം**

## NOV 21

- 2022 ലെ International Children's Day (November 20) ന്റെ പ്രമേയം ?

- **Inclusion, For Every Child**

❖ ലോക ടെലിവിഷൻ ദിനം ആചരിക്കുന്നത് ?
- **നവംബർ 21**

❖ ഇതുവരെ കണ്ടെത്തിയതിൽ വച്ച് ഭൂമിയിൽ നിന്നും ഏറ്റവും ദൂരെ സ്ഥിതി ചെയ്യുന്ന രണ്ട് ഗ്യാലക്സികളെ കണ്ടെത്തിയ ടെലിസ്കോപ്പ് ?
- **ജെയിംസ് വെബ്**

❖ അടുത്തിടെ അമേരിക്കയിലെ പ്രശസ്തമായ ടഫ്റ്റ്സ് സർവകലാശാലയുടെ അധ്യക്ഷ സ്ഥാനത്തെത്തുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന നേട്ടം കൈവരിച്ചത് ?
- **സുനിൽ കുമാർ**

❖ കൊമോറോസിലെ ഇന്ത്യൻ അംബാസഡറായി നിയമിതനായ വ്യക്തി ?
- **ബന്ദാരു വിൽസൺബാബു**

❖ മാസം തികയാതെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ ആരോഗ്യത്തിന് സ്പർശനവും കരുതലുമാണ് വേണ്ടതെന്ന് കണ്ടെത്തലിനെ തുടർന്ന് ഇൻക്യുബേറ്റർ മാർഗരേഖ പുതുക്കിയ അന്താരാഷ്ട്ര സംഘടന ?
- **ലോകാരോഗ്യ സംഘടന**

❖ ഇലോൺ മസ്ക് ഉടമസ്ഥത ഏറ്റെടുത്തതോടെ ട്വിറ്ററിൽ തിരിച്ചെത്തിയ മുൻ അമേരിക്കൻ പ്രസിഡന്റ് ?
- **ഡൊണാൾഡ് ട്രംപ്**

❖ 2022 നവംബറിൽ ഏറ്റവും വലിയ കടലാമയുടെ ഫോസിൽ കണ്ടെത്തിയ യൂറോപ്യൻ രാജ്യം ?
- **സ്പെയിൻ**

❖ ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷന്റെ (ONGC) പുതിയ ചെയർമാനായി നിയമിതനായത് ?
- **അരുൺ കുമാർ സിംഗ്**
- **(അൽക്ക മിത്തൽ വിരമിക്കുന്ന ഒഴിവിൽ)**

❖ ബംഗാൾ കടുവ ഇന്ത്യയുടെ ദേശീയ മൃഗം ആയിട്ട് അര നൂറ്റാണ്ട് തികഞ്ഞത് ?
- **2022 നവംബർ 18 (1972 നവംബർ 18നാണ് ബംഗാൾ കടുവയെ ഇന്ത്യയുടെ ദേശീയ മൃഗമായി പ്രഖ്യാപിച്ചത്)**

- നിർമിതബുദ്ധി രംഗത്തെ ആഗോളക്കൂട്ടായ്മയായ 'ഗ്ലോബൽ പാർട്ണർഷിപ്പ് ഓൺ ആർട്ടിഫിഷ്യൽ ഇന്റലിജൻസി'ന്റെ (ജി.പി.എ.ഐ.) അധ്യക്ഷസ്ഥാനം വഹിക്കുന്ന രാജ്യം ?
  - **ഇന്ത്യ**
- ഇന്ത്യൻ സൈന്യം ആരംഭിച്ച സൈനികരുടെ ഭാര്യമാരുടെ ക്ഷേമത്തിനും പരാതികൾ പരിഹരിക്കുന്നതിനുമായിട്ടുള്ള ഏകജാലക സൗകര്യം ?
  - **വീരാംഗനാ സേവാ കേന്ദ്രം**

- ഉത്തരാഖണ്ഡ് സർക്കാർ ഉത്തരാഖണ്ഡ് ഹൈക്കോടതിയുടെ ആസ്ഥാനം നൈനിറ്റാളിൽ നിന്ന് എവിടേക്കാണ് മാറ്റുന്നത് ?
  - **ഹൽദ്വാനി**
- ഇന്ത്യയിലാദ്യമായി Elephant death audit framework പുറത്തിറക്കിയത് ?
  - **തമിഴ്നാട്**
- ഇന്ത്യയുടെ രാജ്യാന്തര ചലച്ചിത്ര മേള (ഐഎഫ്എഫ്ഐ)യുടെ എത്രാമത്തെ പതിപ്പ് ആണ് നവംബർ 20 ന് ആരംഭിച്ചത് ?
  - **53**
- ഗാന്ധി മണ്ടേല ഫൗണ്ടേഷന്റെ ഗാന്ധി മണ്ടേല അവാർഡ് ലഭിച്ച ടിബറ്റൻ ആത്മീയ നേതാവ് ?
  - ദ**ലൈലാമ**
- കേംബ്രിഡ്ജ് നിഘണ്ടു 2022-ലെ വേഡ് ഓഫ് ദി ഇയർ ആയി തിരഞ്ഞെടുത്തത് ?
  - **Homer ( Meaning:: 'Homer' refers to a home run in the popular American sport Baseball)**
- റോഡ് സുരക്ഷാ ബോധവൽക്കരണത്തിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് പുറത്തിറക്കിയ ചിത്രം ?
  - **വിടരും മുൻപേ**
- വൈദ്യുതിക്ക് വ്യത്യസ്ത സമയങ്ങളിൽ KSEB വ്യത്യസ്ത നിരക്ക് ഈടാക്കുന്നത് ഗാർഹികോപഭോക്താക്കളിൽ കൂടുതൽ പേർക്ക് ബാധകമാക്കുന്ന രീതിയുടെ സാങ്കേതികനാമം ?
  - **ടൈം ഓഫ് ദി ഡേ താരിഫ് (ടി.ഒ.ഡി. താരിഫ്)**
- 2022 നവംബറിൽ രണ്ടാമത് നോർത്ത് ഈസ്റ്റ് ഒളിമ്പിക്സ് ഗെയിംസിന് വേദിയായത് ?
  - **ഷില്ലോങ്,മേഘാലയ**

- നോർത്ത് ഈസ്റ്റ് ഒളിമ്പിക്സിൽ മെഡൽ പട്ടികയിൽ ഒന്നാമത് എത്തിയത് ?
    - **മണിപ്പൂർ**
- ഇന്ത്യൻ ഫുട്ബോൾ ടീം മുൻ നായകനും മുന്നേറ്റനിര താരവുമായിരുന്ന അടുത്തിടെ അന്തരിച്ച വ്യക്തി ?
    - **ബാബുമണി (59)**
- ലോകകപ്പ് ഫുട്ബോളിന്റെ ഉദ്ഘാടന ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത് ?
    - **ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ**

- 2022 ലെ ലോകകപ്പ് ഫുട്ബോളിൽ ആദ്യ ഗോൾ നേടിയത്?
    - **എന്നർ വലൻസിയ (ഇക്വഡോർ)**

## NOV 22

- 2022 നവംബർ 21ന് റിക്ടർ സ്കെയിലിൽ 5.6 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായത്?
    - **ജാവ, ഇന്തോനേഷ്യ**
- കസാക്കിസ്ഥാന്റെ പ്രസിഡന്റ് ആയി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത് ?
    - **കാസിം-ജോമാർട്ട് ടോകയേവ്**
- Nalanda - Until we meet again എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **ഗൗതം ബോരാ**
- 2022 ലെ നെറ്റ്‌വർക്ക് റെഡിനസ് ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം ?
    - **61 (1. യുഎസ്എ, 2. സിംഗപ്പൂർ, 3. സ്വീഡൻ)**
- 2022 ലെ നോർഡ്പാസ്സ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന പാസ് വേർഡ് ?
    - **Password**
- മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ജീവിതകഥ പറയുന്ന സിനിമ ?
    - **മേം രഹൂം യാ നാ രഹം യേ ദേശ് രഹന ചാഹിയേ**
- മലയാളിയായ മാധ്യമപ്രവർത്തകൻ ഉല്ലേഖ് എൻ. പി. യുടെ ഏത് പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് ഈ സിനിമ ?
    - **ദി അൺടോൾഡ് വാജ്പേയി: പൊളിറ്റീഷൻ ആൻഡ് പാരഡോക്സ്**
- സിനിമയിൽ വാജ്പേയിയുടെ വേഷം അവതരിപ്പിക്കുന്നത് ?
    - **പങ്കജ് ത്രിപാഠി**

- ഇന്ത്യയിൽ ആദ്യമായ് "Street Circuit Car Racing" ആരംഭിക്കുന്നത് എവിടെയാണ് ?
  - **ഹൈദരാബാദ്**
- സ്ത്രീകളെ അസഭ്യം പറഞ്ഞ് അപമാനിക്കുന്നത് പരസ്യമായിട്ടല്ലെങ്കിലും ക്രിമിനൽ കുറ്റം തന്നെയാണെന്ന് പ്രസ്താവിച്ചത് ?
  - **മദ്രാസ് ഹൈക്കോടതി**
- ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് ആൻഡ് ഡിജിറ്റൽ ഫൗണ്ടേഷന്റെ (IBDF) പ്രസിഡന്റ് ആയി തുടർച്ചയായി മൂന്നാം തവണയും തിരഞ്ഞെടുക്കപ്പെട്ടത് ?
  - **കെ. മാധവൻ**
- ഐഎഫ്എഫ്ഐയിൽ ഇന്ത്യൻ ഫിലിം പേഴ്സണാലിറ്റി ഓഫ് ദ് ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ചിരഞ്ജീവി**
- അഞ്ചുദിവസം നീളുന്ന ആറാം ജയ്പൂർ സാഹിത്യോത്സവം തുടങ്ങുന്നത് ?
  - **ജനുവരി 19, 2023**
- ഗുഡ് ഗവേണൻസ് അവാർഡ് നൽകാൻ തീരുമാനിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **ഹരിയാന**
- അടുത്തിടെ ഏത് സംസ്ഥാന സർക്കാരാണ് സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ 10,000 ₹ നിന്ന് പ്രതിമാസം 20,000 ₹ ആക്കി വർദ്ധിപ്പിച്ചത് ?
  - **മഹാരാഷ്ട്ര**
- ലോകാരോഗ്യ സംഘടനയുടെ (ഡബ്ല്യുഎച്ച്ഒ) ചീഫ് സയന്റിസ്റ്റ് സ്ഥാനത്തു നിന്ന് ഒഴിയുന്ന പ്രമുഖ ആരോഗ്യ വിദഗ്ദ ?
  - **ഡോ. സൗമ്യ സ്വാമിനാഥൻ**
- അടുത്തവർഷം ഇന്ത്യയുടെ വളർച്ച ആറുശതമാനത്തിൽ താഴെയാകുമെന്ന് (5.9%) നിരീക്ഷിച്ചത് ?
  - **ഗോൾഡ്മാൻ സാക്സ് റിപ്പോർട്ട്**
- നോർവേയുടെ കാസ്പർ റൂഡിനെ തോൽപ്പിച്ച് 2022 ലെ പുരുഷ സിംഗിൾസ് ഫൈനലിൽ വിജയിയായത് ?
  - **നൊവാക് ദ്യോക്കോവിച്ച്**
- അബുദാബി ഗ്രാൻപ്രിയിലും ചാമ്പ്യൻ ആയ റെഡ്ബുള്ളിന്റെ ഫോർമുല വൺ താരം
  - **മാക്സ് വെസ്റ്റപ്പൻ**
- ഇൻസ്റ്റഗ്രാമിൽ 50 കോടി ഫോളോവേഴ്സുള്ള ആദ്യ വ്യക്തിയായി മാറിയത് ?

  - **ക്രിസ്ത്യാനോ റൊണാൾഡോ**
- ലിസ്റ്റ് എ ക്രിക്കറ്റിൽ ലോകത്തെ ഏറ്റവുമുയർന്ന വ്യക്തിഗത സ്കോർ കണ്ടെത്തിയത്
  - **നാരായൺ ജഗദീഷൻ (തമിഴ്നാട്)**
- വിജയ് ഹസാരെ ട്രോഫിയിൽ അരുണാചൽ പ്രദേശിനെതിരെ 141 പന്തിൽ 277 റൺസ് തുടർച്ചയായ അഞ്ചാം സെഞ്ചുറി നേടിയതോടെ നാരായൺ ജഗദീഷൻ ആരുടെ റെക്കോർഡ് ആണ് മറികടന്നത് ?
  - **2015 ഏകദിനത്തിൽ ശ്രീലങ്കയുടെ കുമാർ സംഗക്കാര കുറിച്ച തുടർച്ചയായി നാലു സെഞ്ചുറി**
- സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ച് ഖത്തർ ഫുട്ബോൾ ലോകകപ്പിലെ തങ്ങളുടെ ആദ്യ മത്സരത്തിനു മുന്നോടിയായി ദേശീയഗാനം ആലപിക്കാതിരുന്ന രാജ്യം ?
  - **ഇറാൻ**
- ആദ്യത്തേതും ഏറ്റവും മികച്ചതുമായ സൗരോർജ വാണിജ്യ മത്സ്യബന്ധന ബോട്ടിനുള്ള ആഗോള അവാർഡ് കരസ്ഥമാക്കിയ കേരളം ആസ്ഥാനമായ നവാൾട്ട് സോളാർ ആൻഡ് ഇലക്ട്രിക് ബോട്ട്സ് വികസിപ്പിച്ച ബോട്ട് ?
  - **സ്രാവ്**
- സർക്കാർ മേൽനോട്ടത്തിലുള്ള കേരളത്തിലെ ആദ്യത്തെ സർഫിങ് സ്കൂൾ ഉദ്ഘാടനം ചെയ്തത് ?
  - **ബേപ്പൂർ ഗോതീശ്വരം ബീച്ച്, (ഉദ്ഘാടനം -പി. എ. മുഹമ്മദ് റിയാസ് )**
- 2018 ലെ പ്രളയം തടയുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ച സംഭവിച്ചെന്ന ഓഡിറ്റ് റിപ്പോർട്ട് തയാറാക്കിയ സംഘത്തിന് ലഭിച്ച പുരസ്കാരം ?
  - **കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പുരസ്കാരം**
- വള്ളത്തോൾ വിദ്യാപീഠത്തിന്റെ സാഹിത്യമഞ്ജരി പുരസ്കാരത്തിന് അർഹനായത് ?
  - **ഡോ. അജിതൻ മേനോത്ത് (10000₹, പ്രശസ്തിഫലകവും അടങ്ങുന്നതാണ് പുരസ്കാരം)**

## NOV 23

- International Committee for Weight and Measures ൽ അംഗമായി തിരഞ്ഞെടുക്കപ്പെടുന്ന ഏഴാമത്തെ ഇന്ത്യക്കാരൻ ?
  - **സിഎസ്ഐആർ-നാഷണൽ ഫിസിക്കൽ ലബോറട്ടറി (CSIR-NPL) ഡയറക്ടർ പ്രൊഫ. വേണു ഗോപാൽ അചന്ത**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷന്റെ (AICTE) ചെയർമാനായി നിയമിതനായ ഐഐടി ഗുവാഹത്തിയുടെ ഡയറക്ടർ ?
  - **ടി. ജി. സീതാറാം**
- വാൾട്ട് ഡിസ്നി കമ്പനിയുടെ സിഇഒ ആയി ആരാണ് നിയമിതനാവുന്നത് ?
  - **ബോബ് ഇഗർ**
- 13-ാമത് ഉഭയകക്ഷി നാവിക അഭ്യാസം ആയ നസീം അൽ ബഹർ-2022 ഇന്ത്യയും ഏത് രാജ്യവും തമ്മിലുള്ളതാണ് ?
  - **ഇന്ത്യ & ഒമാൻ**
- 1979-ൽ അട്ടിമറിയിലൂടെ അധികാരം പിടിച്ചെടുത്തതിന് ശേഷം അഞ്ച് തവണയായി നടത്തിയ തെരഞ്ഞെടുപ്പുകളിൽ 90 ശതമാനത്തിലധികം വോട്ടുകൾ പതിവായി നേടിയ ലോകത്തിലെ ഏറ്റവും കൂടുതൽ കാലം(43* Years) ഭരിക്കുന്ന നേതാവ് ?
  - **ടിയോഡോറോ ഒബിയാങ് (ഇക്വറ്റോറിയൽ ഗിനിയ)**
- യുഎന്നിന്റെ COP27 കാലാവസ്ഥ ഉച്ചകോടിയിൽ അംഗീകാരം നൽകിയ പ്രത്യേക ഫണ്ട് രൂപീകരണത്തിന്റെ പേര് ?
  - **Loss and Damage Fund**
- റേറ്റിംഗ് ഏജൻസിയായ CRISIL നടപ്പ് സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ വളർച്ചാ പ്രവചനം 7.3% ൽ നിന്ന് എത്രയായാണ് കുറച്ചത് ?
  - **7%**
- ചാമ്പ്യൻസ് ഓഫ് ദ എർത്ത് ബഹുമതി നൽകുന്ന സംഘടന ?
  - **ഐക്യരാഷ്ട്രസഭ**
- ഇത്തവണ എത്ര പേർക്കാണ് ഐക്യരാഷ്ട്രസഭ ചാമ്പ്യൻസ് ഓഫ് ദ് എർത്ത് ബഹുമതി നൽകിയത് ?
  - **5 പേർക്ക്**
- കൊറ്റികളിലെ ഏറ്റവും വലിയ ഇനമായ വയൽനായ്ക്കൻ (ഗ്രേറ്റർ അഡ്ജ്യൂട്ടന്റ് സ്റ്റോർക്ക്) വിഭാഗത്തെ വംശനാശത്തിൽ നിന്ന് സംരക്ഷിക്കാൻ 'ഹർഗില ആർമി' എന്ന പേരിൽ സ്ത്രീകളുടെ പരിസ്ഥിതി സംരക്ഷണപ്രസ്ഥാനം ആരംഭിച്ചത് ?
  - **ഡോ. പൂർണിമാദേവി ബർമൻ**
- ഐക്യരാഷ്ട്രസഭയുടെ പരമോന്നത പരിസ്ഥിതി ബഹുമതിയായ 'ചാമ്പ്യൻസ് ഓഫ് ദ എർത്ത്' പുരസ്ക്കാരത്തിന് അർഹയായ ഇന്ത്യൻ വന്യജീവിശാസ്ത്രജ്ഞ ?
  - **ഡോ. പൂർണിമാദേവി ബർമൻ**

- രക്താർബുദത്തെ തുടർന്ന് അന്തരിച്ച പ്രസിദ്ധ ക്യൂബൻ ഗായകനും ഗാനരചയിതാവും ഗ്രാമി പുരസ്ക്കാര ജേതാവുമായ വ്യക്തി ?
  - **പാബ്ലോ മിലാൻസ് (79)**
- ഇറ്റലിയിൽ ഏറ്റവും കൂടുതൽകാലം പാർലമെന്റംഗമായിരുന്ന രാഷ്ട്രീയ നേതാവ് അന്തരിച്ചു. പേര് ?
  - **റോബർത്തോ മറോണി (67)**
- "വെയിലിൽ നനഞ്ഞും മഴയിൽ പൊള്ളിയും" എന്ന പുസ്തകം എഴുതിയ സിനിമ നടൻ ?
  - **ഇർഷാദ്**
- 2022 നവംബർ 21 ന് കേന്ദ്ര ടൂറിസം മന്ത്രി ജി. കിഷൻ റെഡ്ഡി ഉദ്ഘാടനം ചെയ്ത മണിപ്പൂർ സംസ്ഥാനത്തെ ഏറ്റവും വലിയ ടൂറിസം ഫെസ്റ്റിവൽ ?
  - **സംഗായ് ഫെസ്റ്റിവൽ**
- 2022 ലെ സംഗായ് ഫെസ്റ്റിവലിന്റെ പ്രമേയം ?
  - **Festival of Oneness**
- ദേശീയ ബാലാവകാശ കമ്മിഷൻ പുറത്തിറക്കിയ, ശിശുസംരക്ഷണ കേന്ദ്രങ്ങളിൽ നിന്ന് മടങ്ങുന്ന കുട്ടികളെ നിരീക്ഷിക്കുന്നതിനായുള്ള വെബ് പോർട്ടൽ ?
  - **ഘർ ഗോ ഹോം ആന്റ് റിയുണൈറ്റ്**
- പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് വിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് അർഹമായത് ?
  - **കേരള പോലീസ്**
- കോർപ്പറേഷനുകളിലെ മാലിന്യ പരിപാലനം, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം തുടങ്ങിയവയുടെ മേൽനോട്ടം ഇനി വഹിക്കുന്നത് ?
  - **ക്ലീൻസിറ്റി മാനേജർമാർ**

## NOV 24

- 1671-ൽ സരാഘട്ട് യുദ്ധത്തിൽ ബ്രഹ്മപുത്രയുടെ തീരത്ത് മുഗൾ സൈന്യത്തെ പരാജയപ്പെടുത്തിയ അഹോം ജനറൽ ലചിത് ബോർഫുകനോടുള്ള ആദരസൂചകമായി എല്ലാ വർഷവും ലച്ചിത് ദിവസ് ആചരിക്കുന്നത് ?
  - **നവംബർ 24**
- നവംബർ 23-25 വരെ ന്യൂഡൽഹിയിൽ ലച്ചിത് ദിവസ് സംഘടിപ്പിക്കുന്നത് ?
  - **അസം സർക്കാർ**
- നിലക്കടല ഉത്സവം (കടലേക്കൈ പരിഷെ) ആഘോഷിക്കുന്ന ഇന്ത്യൻ സംസ്ഥാനം ?

- **കർണാടക ('Kadalekai Parishe')**

❖ തമിഴ്നാട് ആദ്യ ജൈവവൈവിധ്യ പൈതൃകകേന്ദ്രം ആയി പ്രഖ്യാപിച്ചത് ഏത് ഗ്രാമത്തെയാണ് ?

- **അരിട്ടപ്പട്ടി ഗ്രാമം**

❖ ഭാരതത്തിന്റെ ചരിത്രം പൊളിച്ചെഴുതാൻ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് (ഐസിഎച്ച്ആർ) തയ്യാറാക്കിയ പദ്ധതി ?

- **കോംപ്രിഹൻസീവ് ഹിസ്റ്ററി ഓഫ് ഇന്ത്യ**

❖ വന്യജീവി കുറ്റകൃത്യങ്ങൾക്കെതിരെ പോരാടുന്ന രാജ്യത്തെ ആദ്യത്തെ ഡോഗ് സ്ക്വാഡായ 'കെ 9' ലെ അംഗമായിരുന്ന നായ ഓർമയായി. പേര് ?

- **സോർബ (12-year-old male Belgian Malinois)**

❖ ബാങ്ക് ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയി നിയമിതനായത് ?

- **സുബ്രത് കുമാർ**

❖ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മിഷണർ ആയി നിയമിതനായത് ?

- **ചന്ദ്രു അയ്യർ**

❖ തുടർച്ചയായ വിജയകരമായ 200ആം വിക്ഷേപണം ആഘോഷിച്ച തദ്ദേശീയമായ സൗണ്ടിങ് റോക്കറ്റ് ?

- **രോഹിണി (RH200)**

❖ ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ-ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ് (OECD) 2022-ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പ്രതീക്ഷിച്ച വളർച്ചാ നിരക്ക് 6.9% എന്ന മുൻ പ്രവചനത്തിൽ നിന്ന് എത്രയായാണ് കുറച്ചത് ?

- **6.6%**

❖ യു എൻ സ്ത്രീകൾക്കെതിരായ അതിക്രമ ഉന്മൂലന ദിനമായി ആചരിക്കുന്നത് ?

- **നവംബർ 25**

❖ ചന്ദ്രനിൽ നിന്നും ഭൂമിയുടെ ചിത്രം പകർത്തി അയച്ച അടുത്തിടെ നാസ വിക്ഷേപിച്ച ഉപഗ്രഹം ?

- **ആർട്ടെമിസ്**

❖ പി.ജെ. ആന്റണി സ്മാരക നാടക -സിനിമ അഭിനയ പ്രതിഭ അവാർഡ് (20001 ₹) ലഭിച്ചത് ?

- **പൗളി വൽസൻ**

- റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം തൊഴിലാളികളുടെ പ്രതിദിന വേതന തിരക്കിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം ?
  - **കേരളം (837.3 ₹)**
  - **ഏറ്റവും കുറവ് -ത്രിപുര (250₹)**
- ഗോവയിൽ നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ മത്സരവിഭാഗത്തിൽ പ്രദർശനത്തിനെത്തിയ, സത്യജിത്ത് റായിയുടെ ചെറുകഥയെ ആസ്പദമാക്കി ആനന്ദ് മഹാദേവൻ സംവിധാനം ചെയ്ത ചലച്ചിത്രം ?
  - **ദ സ്റ്റോറി ടെല്ലർ**
- സ്വയംവരം സിനിമയുടെ അൻപതാം വാർഷികത്തോടനുബന്ധിച്ച് പുറത്തിറങ്ങിയ ഡോക്യുമെന്ററി ?
  - **ദ ജേർണി:സ്വയംവരം അറ്റ് ഫിഫ്റ്റി**
- ചലച്ചിത്രരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള ദുബാ യ് ഗാല (ഗൾഫ് ആർട്സ് ആൻഡ് ലീഡർഷിപ് അക്കാദമി) അവാർഡ് (ഒരു ലക്ഷം ₹) നേടിയത് ?
  - **അടൂർ ഗോപാലകൃഷ്ണൻ**
- മികച്ച ചലച്ചിത്ര പഠന ത്തിനുള്ള പുരസ്കാരത്തിന് (50,000 ₹) അർഹമായ കഥാകൃത്ത് ജോൺ സാമുവൽ രചിച്ച പുസ്തകം ?
  - **സിനിമയുടെ ശരീരം**
- പശ്ചിമഘട്ടത്തിൽ കണ്ടെത്തിയ പുതിയ ചിലന്തിക്ക് നൽകിയിരിക്കുന്ന പേര് ?
  - **കെലവാകജു സഹ്യാദ്രി**
- ഖത്തറിൽ നടക്കുന്ന പുരുഷ ഫുട്ബോൾ ലോകകപ്പ് നിയന്ത്രിച്ച് ചരിത്രം കുറിച്ച ഫ്രഞ്ച് വനിത ?
  - **സ്റ്റീഫൻ ഫ്രാപ്പാർട്ട്**
- ലോകകപ്പിലെ പ്രായം കുറഞ്ഞ മൂന്നാമത്തെ ഗോൾ സ്കോറർ ആയി മാറിയ സ്പാനിഷ് താരം ?
  - **ഗാവി (18വയസ്)**
  - **( 1. പെലെ, 2. മാനുവൽ റൊസാസ )**
- ഫ്രാൻസിനു വേണ്ടി കൂടുതൽ ഗോൾ എന്ന തിയറി ഹെൻറിയുടെ റെക്കോഡിനൊപ്പമെത്തിയ താരം ?
  - **ഒളിവർ ജിറൂഡ് (51 ഗോളുകൾ)**

## NOV 25

- കേരള ഫിഷറീസ് സർവകലാശാലയുടെ (കുഫോസ്) ഇടക്കാല വൈസ് ചാൻസലറായി അടുത്തിടെ നിയമിതയായത് ?
    - **ഡോ. എം. റോസലിൻഡ് ജോർജ്**
- കായിക യുവജന കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി നടത്തുന്ന സൗജന്യ ജൂഡോ പരിശീലന പദ്ധതി ?
    - **ജൂഡോക ( ആരംഭിച്ചത് - തിരുവനന്തപുരം)**

- ഫാം ജേണലിസ്റ്റ് ഫോറം ഏർപ്പെടുത്തിയ ആർ. ഹേലി സ്മാരക പുരസ്കാരം നേടിയ മന്ത്രി ?
    - **കെ.കൃഷ്ണൻകുട്ടി (10,001 ₹, അലങ്കാരത്തലപ്പാവും അടങ്ങിയതാണ് പുരസ്ക്കാരം.)**
- സത്യൻ സ്മൃതി പുരസ്കാരത്തിന്(10001 ₹) അർഹനായ ചലച്ചിത്ര നടൻ ?
    - **ജഗതി ശ്രീകുമാർ**
- സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ചെയർമാനായി നിയമിതനായത് ?
    - **ടി. കെ. ജോസ്**
- റിസർവ് ബാങ്ക് പുറത്തിറക്കിയ പുതിയ റിപ്പോർട്ട് പ്രകാരം ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് വ്യവസായ യൂണിറ്റുകളുള്ള സംസ്ഥാനമായത് ?
    - **കേരളം**
    - **(ഇന്ത്യൻ സംസ്ഥാനങ്ങളിൽ തന്നെ ഒന്നാം സ്ഥാനം തമിഴ്നാട്; 2.ഗുജറാത്ത്, 3. മഹാരാഷ്ട്ര)**
- ഒഡീഷയിലെ അബ്ദുൾ കലാം ദ്വീപിൽ നിന്ന് ഏത് മിസൈലിന്റെ ആണ് പരിശീലന വിക്ഷേപണം ഇന്ത്യ വിജയകരമായി നടത്തിയത് ?
    - **അഗ്നി 3 (nuclear-capable Intermediate Range Ballistic Missile (IRBM))**
- ഡെങ്കിപ്പനിക്കെതിരെ തദ്ദേശീയമായി നിർമിക്കുന്ന ആദ്യ വാക്സിന്റെ മൂന്നാംഘട്ട പരീക്ഷണങ്ങൾക്ക് ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ (ഡി.സി.ജി.ഐ.) അനുമതി നൽകി. ആരുമായി ചേർന്നാണ് ഐ.സി.എം.ആർ. വാക്സിൻ നിർമിക്കുന്നത് ?
    - **പാനേഷ്യ ബയോടെക്ക്**
- ഇന്ത്യയുമായുള്ള സ്വതന്ത്ര വ്യാപാര കരാറിന് അടുത്തിടെ ഏത് രാജ്യത്തിന്റെ പാർലമെന്റ് ആണ് അനുമതി നൽകിയത് ?
    - **ഓസ്ട്രേലിയ**

- ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലുള്ള സംയുക്ത സൈനികാഭ്യാസത്തിന്റെ എട്ടാമത് എഡിഷൻ "ഗരുഡ ശക്തി" വേദിയാകുന്നത് ?
  - **കരവാങ്, ഇന്തോനേഷ്യ**
- നേപ്പാൾ തിരഞ്ഞെടുപ്പിൽ വിജയിച്ചത് ?
  - **പ്രധാനമന്ത്രി ഷേർ ബഹദൂർ ദ്യൂബയുടെ നേപ്പാളി കോൺഗ്രസ് പാർട്ടി**

- ആഗോള തലത്തിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നതും അപകീർത്തികരവും വിവേചനപരവുമാണെന്ന പ്രതിഷേധത്തെ തുടർന്ന് മങ്കിപോക്സിന്റെ പേര് എന്തായിട്ടാണ് ലോകാരോഗ്യ സംഘടന മാറ്റുന്നത് ?
  - **എംപോക്സ്**
- മോട്ടോർ സൈക്കിൾ അപകടത്തിൽ വലതുകാൽ നഷ്ടപ്പെട്ട ജോൺ മക്ഫോൾ അടുത്തിടെ എങ്ങനെയാണ് പ്രശസ്തനാവുന്നത് ?
  - **യൂറോപ്യൻ സ്പേസ് ഏജൻസി ബഹിരാകാശ യാത്രയ്ക്ക് തിരഞ്ഞെടുത്തു**
- പ്രശസ്തമായ ഡോ. അബ്ദുൽ കലാം സേവാ പുരസ്കാരം ലഭിച്ചത് ?
  - **രവികുമാർ സാഗർ**
- ഡോ. അബ്ദുൽ കലാം സേവാ പുരസ്കാരം നൽകുന്നത് ?
  - **വന്ദേ ഭാരത് ഫൗണ്ടേഷനും ലീഡ് ഇന്ത്യ ഫൗണ്ടേഷനും ചേർന്ന്**
- ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ നടന്ന കരാട്ടെ 1 സീരീസ് എ യിൽ സ്വർണമെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരനായത് ?
  - **പ്രണയ് ശർമ (പുരുഷന്മാരുടെ 67 കിലോഗ്രാം കുമിത്തെ ഫൈനലിൽ ഉക്രെയ്നിന്റെ ഡേവിഡ് യാനോവ്സ്കിയെ പരാജയപ്പെടുത്തി)**
- അഞ്ച് ലോകകപ്പുകളിൽ ഗോൾ നേടുന്ന ആദ്യ താരമെന്ന റെക്കോഡ് നേടിയ പോർച്ചുഗൽ താരം ?
  - **ക്രിസ്റ്റ്യാനോ റൊണാൾഡോ (2006,2010, 2014, 2018,2022)**

## NOV 26

- ദേശീയ ക്ഷീര ദിനം ആചരിക്കുന്നത് ?
  - **നവംബർ 26**

- **പാലുൽപാദനത്തിൽ ഇന്ത്യയെ സ്വയംപര്യാപ്തതയിലേക്ക് കൈപിടിച്ചുയർത്തിയ കാർഷികമുന്നേറ്റമായ ധവളവിപ്ലവത്തിന്റെ നായകൻ ഡോ. വർഗീസ് കുര്യന്റെ ജന്മദിനം**

❖ ഭരണഘടനാ ദിനം(സംവിധാൻ ദിവസ്) ആചരിക്കുന്നത് ?

- **നവംബർ 26**
- **ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിന്റെ സ്മരണാർത്ഥം എല്ലാ വർഷവും നവംബർ 26 ന് ഭരണഘടനാ ദിനമായി ആചരിക്കുന്നു.**

❖ അടുത്തിടെ പ്രൊജക്റ്റ് 15 ബി സ്റ്റെൽത്ത് ഗൈഡഡ് മിസൈൽ ഡിസ്ട്രോയറിന്റെ രണ്ടാമത്തെ കപ്പൽ മോർമുഗാവോ ഇന്ത്യൻ നാവികസേനയ്ക്ക് കൈമാറി. കപ്പൽ നിർമിച്ചത് ?

- **മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡ്**

❖ ഓപ്പറേഷൻ ടർട്ട്ഷീൽഡ് ആരംഭിച്ച രാജ്യം ?

- **ഇന്ത്യ**

❖ അനീമിയ നിർമ്മാർജ്ജന പദ്ധതിയായ അംലൻ ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?

- **ഒഡീഷ**

❖ സംസ്ഥാനത്തെ ഇന്റേണൽ ഓഡിറ്റ് വകുപ്പുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിൽ ആദ്യമായി ഡയറക്ടർ ജനറൽ ഓഫ് ഓഡിറ്റിന്റെ റോൾ സൃഷ്ടിച്ച സംസ്ഥാനം ?

- **തമിഴ്നാട്**

❖ ഗഗൻയാനിന്റെ ഭാഗമായി ഐ.എസ്.ആർ.ഒ. പാരച്യൂട്ട് പരീക്ഷണം വിജയകരമായി പൂർത്തിയാക്കി. പരീക്ഷണത്തിന്റെ പേര് ?

- **ഇന്റഗ്രേറ്റഡ് മെയിൻ പാരച്യൂട്ട് എയർഡ്രോപ് ടെസ്റ്റ്**

❖ ഇന്റഗ്രേറ്റഡ് മെയിൻ പാരച്യൂട്ട് എയർഡ്രോപ് ടെസ്റ്റ് നടന്നത് ?

- **തിരുവനന്തപുരം വി.എസ്.എസ്.സി.യുടെ നേതൃത്വത്തിൽ ഉത്തർപ്രദേശിലെ ഝാൻസിയിൽ**

❖ ഭൗമനിരീക്ഷണ ഉപഗ്രഹമായ ഓഷ്യൻസാറ്റ് ഉൾപ്പെടെ 9 ഉപഗ്രഹങ്ങളുമായി നവംബർ 26, 2022ൽ കുതിച്ചുയരുന്ന റോക്കറ്റ് ?

- **പിഎസ്എൽവി-സി 54**

❖ പിഎസ്എൽവി-സി 54 ഭ്രമണപഥത്തിൽ എത്തിക്കുന്ന ഉപഗ്രഹങ്ങൾ ?

- **ഭൗമനിരീക്ഷണ ഉപഗ്രഹം-6 (ഇഒഎസ്-6).**
- **ഭൂട്ടാന്റെ ഉപഗ്രഹവും**
- **പിക്സൽ വികസിപ്പിച്ചെടുത്ത 'ആനന്ദ്' എന്ന ഉപഗ്രഹവും**
- **ബഹിരാകാശ സ്റ്റാർട്ടപ്പായ ധ്രുവ സ്പേസിന്റെ തൈബോൾട്ട് (2 ഉപഗ്രഹങ്ങൾ),**
- **അമേരിക്കയുടെ ആസ്ട്രോകാസ്റ്റിന്റെ 4 ഉപഗ്രഹങ്ങൾ**

❖ കേന്ദ്ര സംഗീതനാടക അക്കാദമിയുടെ ഫെലോഷിപ്പ് ലഭിച്ചത് ?
- **ടി.വി. ഗോപാലകൃഷ്ണൻ (സംഗീതജ്ഞൻ),**
- **സദനം കൃഷ്ണൻകുട്ടി(കഥകളി കലാകാരൻ),**
- **സരോജ വൈദ്യനാഥൻ,**
- **ദർശന ഝാവേരി,**
- **ഛന്നുലാൽ മിശ്ര,**
- **എ.കെ.സി. നടരാജൻ,**
- **സ്വപൻ ചൗധരി,**
- **മാലിനി രജുർകർ,**
- **തീജൻ ഭായി,**
- **ഭരത് ഗുപ്ത**

❖ കേന്ദ്ര സംഗീതനാടക അക്കാദമിയുടെ ഫെലോഷിപ്പ് പുരസ്കാരത്തുക ?
- **മൂന്നു ലക്ഷം ₹, താമ്രപത്രവും**

❖ 2019, 2020, 2021 വർഷങ്ങളിലെ സംഗീതനാടക അക്കാദമി പുരസ്ക്കാരങ്ങൾ ലഭിച്ചത് ?
- **പെരുവനം കുട്ടൻ മാരാർ,**
- **ഇഞ്ചക്കാട്ട് രാമചന്ദ്രൻ പിള്ള,**
- **പാലാ സി.കെ. രാമചന്ദ്രൻ,**
- **തിരുവനന്തപുരം വി. സുരേന്ദ്രൻ,**
- **കോട്ടക്കൽ നന്ദകുമാരൻ നായർ,**
- **കലാമണ്ഡലം ഗിരിജ,**
- **നിർമലാ പണിക്കർ,**
- **നീനാ പ്രസാദ്**

- സാമൂഹിക മാധ്യമമായ ട്വിറ്ററിൽ ഉപയോക്താവിന്റെ ആധികാരികത ഉറപ്പിക്കുന്നതിന് പരിഷ്ക്കരിച്ച രീതി ?
    - **കമ്പനി അക്കൗണ്ടുകൾക്ക് സ്വർണ്ണനിറത്തിലും സർക്കാർ അക്കൗണ്ടുകൾക്ക് ചാരനിറത്തിലും സെലിബ്രിറ്റികൾക്ക് നീലനിറത്തിലുമുള്ള അടയാളം**
- പാകിസ്ഥാൻ കരസേനയുടെ പുതിയ മേധാവിയായി നിയമിതനായ മുൻ ഐഎസ്ഐ മേധാവി ?
    - **ലഫ്റ്റനന്റ് ജനറൽ സയ്യിദ് അസിം മുനീർ**
- 2002-ലെ പ്രിൻസ് ഓഫ് ഓസ്ട്രിയ പുരസ്ക്കാരവും 2009-ൽ ആജീവനാന്ത സംഭാവനകൾക്കുള്ള ഗ്രിഫിൻ പോയട്രി പുരസ്ക്കാരവും നേടിയിട്ടുള്ള അടുത്തിടെ അന്തരിച്ച പ്രശസ്ത ജർമൻ എഴുത്തുകാരൻ ?
    - **ഹാൻസ് മാഗ്നസ് എൻ സെൻസ്ബർഗർ(93)**
- രാജാവ് സുൽത്താൻ അബ്ദുല്ല സുൽത്താൻ അഹമ്മദ് ഷാ മലേഷ്യയുടെ പുതിയ പ്രധാനമന്ത്രിയായി നിയമിച്ചത് ആരെയാണ് ?
    - **അൻവർ ഇബ്രാഹിം (75)**
- ലോകത്താകമാനം അഞ്ചാംപനി കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ രോഗം ആഗോള ആരോഗ്യ ഭീഷണിയായേക്കുമെന്ന മുന്നറിയിപ്പ് നൽകിയത് ?
    - **ലോകാരോഗ്യ സംഘടന**
- ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഇന്റർനെറ്റിലെ ത്രിമാന സാങ്കൽപിക ലോകമായ മെറ്റാവേഴ്സിൽ രാജ്യത്തിന്റെ പകർപ്പുണ്ടാക്കാൻ പദ്ധതിയിട്ട രാജ്യം ?
    - **ടുവാലു**
- 2022 നവംബറിൽ അന്തരിച്ച പ്രമുഖ മലയാള സാഹിത്യകാരൻ ?
    - **സതീഷ് ബാബു പയ്യന്നൂർ**
    - **(ചെറുകഥ-പേരമരം)**
- രാജ്യാന്തര ട്വന്റി20 ക്രിക്കറ്റിൽ സെഞ്ചുറി നേടിയ മലയാളി ?
    - **തൃശൂർ മണ്ണുത്തി സ്വദേശി വിനു പ്രഭാകർ (ബോട്സ്വാന ക്രിക്കറ്റ് ടീം)**
- ട്വന്റി20 ലോകകപ്പിനുള്ള ആഫ്രിക്കൻ മേഖലാ യോഗ്യതാ മത്സരത്തിൽ വിനു പ്രഭാകർ സെഞ്ചുറി നേടിയത് ഏത് ടീമിനെതിരെ ?
    - **സെയിന്റ് ഹെലേന**

## NOV 27

- സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് കേന്ദ്ര സംഗീത നാടക അക്കാദമിയുടെ അമൃത് പുരസ്കാരങ്ങൾ ലഭിച്ചത് ?
  - **86 പേർക്ക്**
- 2023 റിപ്പബ്ലിക്ക് ദിനത്തിലെ മുഖ്യ അതിഥി ?
  - **ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽ സീസി**
- 2022 നവംബറിൽ നാഷണൽ പെയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് സ്വകാര്യ ബാങ്കായ ഐ.ഡി.എഫ്.സി. ഫസ്റ്റ് ബാങ്ക് പുറത്തിറക്കിയ ഇന്ത്യയിലെ ആദ്യ സ്റ്റിക്കർ അധിഷ്ഠിത ഡെബിറ്റ് കാർഡ് ?
  - **FIRSTAP**
- PSLVയുടെ 56-ാമത്തെയും PSLV XL പതിപ്പിന്റെ 24-ാമത്തെയും വിക്ഷേപണ ദൗത്യത്തിലെ ഓഷ്യൻസാറ്റ്-3 യുടെ ഭാരം ?
  - **1172 Kg**
- ഐ.എസ്.ആർ.ഒ.യുടെ സഹായത്തോടെ ഭൂട്ടാനിലെ ശാസ്ത്രജ്ഞർ നിർമിച്ച് 30cm മാത്രം വലുപ്പമുള്ള ഉപഗ്രഹം ?
  - **ഐഎൻഎസ് - 2 ബി**
- പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും ഇന്റർനാഷനൽ കമ്മിറ്റി ഓഫ് ദ് റെഡ് ക്രോസും ചേർന്ന് ഏർപ്പെടുത്തിയ ദേശീയ മാധ്യമ പുരസ്കാരങ്ങളിലെ ഒന്നാം സ്ഥാനം (ഒരു ലക്ഷം ₹) ലേഖന വിഭാഗത്തിൽ നേടിയത് ?
  - **ഐശ്വര്യ മൊഹന്തി (ദ് ഇന്ത്യൻ എക്സ്പ്രസ്)**
- പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും ഇന്റർനാഷനൽ കമ്മിറ്റി ഓഫ് ദ് റെഡ് ക്രോസും ചേർന്ന് ഏർപ്പെടുത്തിയ ദേശീയ മാധ്യമ പുരസ്കാരങ്ങളിലെ ഒന്നാം സ്ഥാനം (ഒരു ലക്ഷം ₹) ഫോട്ടോഗ്രാഫി വിഭാഗത്തിൽ നേടിയത് ?
  - **പി.പി.ദീപു (ദ് ന്യൂ ഇന്ത്യൻ എക്സ്പ്രസ്)**
- നിലവിൽ ലോകത്ത് സ്ഥിരീകരിച്ച 20 തരം പകർച്ചപ്പനികളെയും പ്രതിരോധിക്കാൻ ഒരൊറ്റ വാക്സിൻ വികസിപ്പിച്ചത് ?
  - **പെൻസിൽവാനിയ സർവകലാശാല ഗവേഷകർ, അമേരിക്ക**
- ബെർലിൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ പരമോന്നത ബഹുമതിയായ സുവർണ കരടി പുരസ്കാരം നൽകി ആദരിക്കുന്നത് ആരെയാണ് ?
  - **സ്റ്റീവൻ സ്പിൽബർഗ്**

- ലോകത്ത് ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം കൂടിയ പൂച്ച എന്ന ഗിന്നസ് റെക്കോർഡ് കരസ്ഥമാക്കിയത് ?
  - **ഫ്ലോസി (26*), ലണ്ടൻ**
- ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ (ഐ.ഒ.എ.) പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നത് ?
  - **പി. ടി. ഉഷ**
- സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചത് ?
  - **മലയാളം മിഷൻ**
- മാതൃഭാഷാ പഠനത്തിനുള്ള ഏത് ഓൺലൈൻ പ്ലാറ്റ്ഫോമിനാണ് ഇ- ലേണിംഗ് വിഭാഗത്തിൽ അംഗീകാരം ലഭിച്ചത് ?
  - **ഭൂമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ്**
- മികച്ച വെബ്സൈറ്റിനുള്ള 2019-2021 ലെ സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചത് ?
  - **കുടുംബശ്രീ**
- കോവിഡ് കാലത്ത് വയോജനസുരക്ഷയ്ക്ക് നടത്തിയ പ്രവർത്തനങ്ങൾക്കുള്ള എം-ഗവേണൻസ് അവാർഡ് ലഭിച്ചത് ?
  - **കുടുംബശ്രീ**
- പരിസ്ഥിതി പ്രവർത്തകനും എം.പി.യുമായിരുന്ന കെ.വി.സുരേന്ദ്രനാഥിന്റെ പേരിൽ സി. അച്യുതമേനോൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ അവാർഡ് (10000₹)ലഭിച്ചത് ?
  - **അംബികാസുതൻ മങ്ങാട്**
  - **(കൃതി - എൻഡോസൾഫാൻ നിലവിളികൾ അവസാനിക്കുന്നില്ല)**
- അടുത്തിടെ പ്രസിദ്ധീകരണത്തിന്റെ 175-ആം വാർഷികം ആഘോഷിച്ച പത്രം ?
  - **രാജ്യസമാചാരം**
- അഷ്ടമുടിക്കായലിൽ ശനിയാഴ്ച(26 Nov) നടന്ന ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഫൈനലിലടക്കം ഈ സീസണിലെ 12 മത്സരങ്ങളിലായി 116 പോയന്റ് നേടി ചാമ്പ്യൻസ് ബോട്ട് ലീഗ് (CBL) ജേതാക്കളായത് ?
  - **മഹാദേവികാട് കാട്ടിൽതെക്കേതിൽ വള്ളം തുഴഞ്ഞ പള്ളാത്തുരുത്തി ബോട്ട് ക്ലബ് (25 ലക്ഷം ₹)**
- CBL ൽ രണ്ടാം സ്ഥാനം നേടിയത് ?

- **കൈപ്പുഴമുട്ട് എൻ.സി.ഡി.സി. ബോട്ട് ക്ലബ്ബിന്റെ നടുഭാഗം ചുണ്ടൻ (15 ലക്ഷം ₹)**

❖ പ്രസിഡന്റ്സ് ട്രോഫി നേടിയത് ?
- **നടുഭാഗം ചുണ്ടൻ (5 ലക്ഷം ₹, ട്രോഫിയും)**
- **രണ്ടാംസ്ഥാനം മഹാദേവികാട് കാട്ടിൽ തെക്കേതിലിനും, (മൂന്നുലക്ഷം ₹). മൂന്നാംസ്ഥാനം ചമ്പക്കുളം ചുണ്ടനും(ഒരു ലക്ഷം ₹)**

## NOV 28

❖ നാഷണൽ കേഡറ്റ് കോർപ്സ് 74-ാം സ്ഥാപക ദിനം ആഘോഷിച്ചത് ?
- **2022 നവംബർ 27**

❖ പ്രധാനമന്ത്രി ടിബി മുക്ത് ഭാരത് അഭിയാന് കീഴിലുള്ള നിക്ഷയ് മിത്ര യുടെ അംബാസഡറായി നിയമിതയായ പാരാലിമ്പിക് കമ്മിറ്റി ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് ?
- **ദീപ മാലിക്**

❖ അടുത്തിടെ അന്തരിച്ച വിക്രം ഗോഖലെ ഏത് മേഖലയിൽ പ്രശസ്തനായ വ്യക്തി ആയിരുന്നു ?
- **സിനിമ & നാടകം**
- **മറാത്തി ചിത്രമായ "ഗോദാവരി" ആയിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും പുതിയ സിനിമ.**

❖ ഇന്ത്യയിലെ ആദ്യത്തെ G20 ഷെർപ്പ മീറ്റിംഗിന് ആതിഥേയത്വം വഹിക്കുന്നത് ?
- **ഉദയ്പൂർ, രാജസ്ഥാൻ (ഡിസംബർ 4 മുതൽ 7 വരെ)**

❖ ഇന്ത്യൻ നാവികസേന നവംബർ 26-ന് ചെന്നൈയിൽ പുറത്തിറക്കിയ പുതിയ സർവേ കപ്പൽ ?
- **ഇക്ഷക് (Ikshak)**

❖ ഇക്ഷക് എന്ന പേരിന്റെ അർത്ഥം ?
- **വഴികാട്ടി**

❖ ഇക്ഷക് നിർമ്മിച്ചത് ?
- **ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് & എഞ്ചിനീയേഴ്സ് ലിമിറ്റഡ് && ലാർസൻ ആൻഡ് ടർബോ**

❖ യൂറോപ്പ്, ദക്ഷിണ അമേരിക്ക, കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ വിപണികളിലേക്ക് 2025-26 ഓടെ കയറ്റി അയക്കാൻ ഉദ്ദേശിക്കുന്ന ഇന്ത്യയുടെ അർധ അതിവേഗ എക്സ്പ്രസ് ട്രെയിൻ ?
  ○ **വന്ദേഭാരത്**
❖ കുടിയേറ്റവർദ്ധനവിനെ തുടർന്ന് വിദേശ വിദ്യാർത്ഥികൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ച രാജ്യം ?
  ○ **ബ്രിട്ടൺ**

❖ 2012 മുതൽ വിദേശകാര്യ മന്ത്രി പദവി വഹിച്ചു വരികയായിരുന്ന അടുത്തിടെ അന്തരിച്ച ബെലറൂസ് വിദേശകാര്യമന്ത്രി ?
  ○ **വ്ലാഡിമിർ മാകി (64)**
❖ വീരമൃത്യു വരിച്ച മേജർ സന്ദീപ് ഉണ്ണികൃഷ്ണനെ പ്രതിമ അനാവരണം ചെയ്തത് ?
  ○ **ബെംഗളൂരു**
❖ യുനെസ്കോ ഏഷ്യ പസഫിക് പുരസ്ക്കാരം ലഭിച്ച ലോക പൈതൃകപ്പട്ടികയിൽ ഉൾപ്പെട്ട മുംബൈയിലെ മ്യൂസിയം ?
  ○ **ഛത്രപതി ശിവജി മഹാരാജ് വാസ്തു സംഗ്രഹാലയ**
❖ യുനെസ്കോയുടെ അവാർഡ് ഓഫ് മെറിറ്റ് ലഭിച്ച റെയിൽവേസ്റ്റേഷൻ ?
  ○ **ബൈക്കുള റെയിൽവേസ്റ്റേഷൻ**
❖ ഭൂമിയിൽനിന്ന് നാലുലക്ഷം കിലോമീറ്റർ സഞ്ചരിച്ച അപ്പോളോ 13- ന്റെ റെക്കോഡ് അടുത്തിടെ തകർത്ത നാസയുടെ ബഹിരാകാശ ദൗത്യം ?
  ○ **ആർട്ടെമിസ്-1**
  ○ **ആർട്ടെമിസ്-1 ഓറിയോൺ പേടകം ഭൂമിയിൽനിന്ന് 4.1 ലക്ഷം കിലോമീറ്റർ സഞ്ചരിച്ച് റെക്കോഡ് സൃഷ്ടിച്ചു.**
❖ 2022 നവംബറിൽ നവസംരംഭകർക്ക് ബിസിനസ് ആശയങ്ങൾ അവതരിപ്പിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വകുപ്പ് ആരംഭിക്കുന്ന മത്സര പരിപാടി ?
  ○ **ഡ്രീം വെസ്റ്റർ**
❖ ഡൽഹിയിലെ പ്രഗതി മൈതാനത്ത് നടന്ന ഈ വർഷത്തെ അന്താരാഷ്ട്ര വ്യാപാരമേളയിൽ ഏറ്റവും മികച്ച പവിലിയൻ വിഭാഗത്തിൽ സ്വർണം നേടിയത് ?
  ○ **കേരളം**

- **ഒമ്പതാംവട്ടമാണ് കേരളം സ്വർണം നേടുന്നത്.**

❖ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് സ്ഥാനത്തേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടത് ?

- **പി. ടി. ഉഷ**

❖ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് സ്ഥാനത്തെത്തുന്ന ആദ്യ വനിതയും ആദ്യ മലയാളിയും ആദ്യ സജീവ കായികതാരവും ആയത് ?

- **പി. ടി. ഉഷ**

## NOV 29

❖ സംവിധായകൻ സത്യൻ അന്തിക്കാടിന്റെ ജീവിതം ആസ്പദമായ പുസ്തകം ?

- **ഒരു അന്തിക്കാട്ടുകാരന്റെ ലോകങ്ങൾ (രചയിതാവ്:: ശ്രീകാന്ത് കോട്ടക്കൽ)**

❖ വിശുദ്ധ ചാവറയച്ചൻ അർത്തുങ്കൽ പള്ളിയിൽ വൈദികപട്ടം സ്വീകരിച്ചതിന്റെ 193-ാം വാർഷികം ആചരിക്കുന്നത് ?

- **നവംബർ 29**

❖ ഏത് പ്രശസ്ത വ്യക്തിയുടെ കേരള സന്ദർശനത്തിന്റെ 130-ാം വാർഷികമാണ് 2022 നവംബറിൽ ആചരിക്കപ്പെടുന്നത് ?

- **സ്വാമി വിവേകാനന്ദൻ**

❖ 2022 നവംബറിൽ മികച്ച റിപ്പോർട്ടർക്കുള്ള ലീലാ മേനോൻ മാധ്യമ പുരസ്കാരത്തിന് അർഹനായത് ?

- **കെ. ഉണ്ണികൃഷ്ണൻ**

❖ വോട്ടർ പട്ടികയുമായി ആധാർ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് എത്തിയത് ?

- **ആലപ്പുഴ (67.94%)**

❖ ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (AKPCTA) ഏർപ്പെടുത്തിയ മികച്ച കോളേജ് യൂണിയനുള്ള പ്രഥമ അഭിമന്യു അവാർഡ് ലഭിച്ചത് ?

- **തിരുവൻവണ്ടൂർ ഇരമല്ലിക്കര ശ്രീഅയ്യപ്പാ കോളേജ്**

❖ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പ്രതിരോധിക്കാൻ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നേതൃത്വത്തിൽ എല്ലാ സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന പ്രചാരണ പദ്ധതി ?

- **നയി ചേത്ന (പ്രദ്ധതിയ്ക്ക് കേരളത്തിൽ കുടുംബശ്രീ നേതൃത്വം നൽകും)**

❖ 27th International Film Festival of Kerala ആരംഭിക്കുന്നത് ?

- **ഡിസംബർ 9, 2022**

❖ 2026 ഓടെ ഏത് തരം തീവണ്ടികൾ അവതരിപ്പിക്കാനാണ് ഇന്ത്യൻ റെയിൽവേ പദ്ധതിയിട്ടിരിക്കുന്നത് ?

- **ടിൽറ്റിംഗ് ട്രെയിനുകൾ**

❖ ഇന്ത്യയിലെ പരമോന്നത ഗവേഷണ ഫെലോഷിപ്പായ പ്രധാനമന്ത്രി ഗവേഷണ ഫെലോഷിപ്പ് (~60ലക്ഷം ₹) നേടിയത് ?

- **റ്റിമ്മി ടൈറ്റസ് (അതിസൂക്ഷ്മ കാർബൺ പദാർഥങ്ങൾ ഉപയാഗിച്ച് മലിനജലം ശുദ്ധീകരിക്കുന്നതിനെക്കുറിച്ചുള്ള പഠനമാണ് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ എം.എസ്.സി. ഫിസിക്സ് വിദ്യാർഥിനിയെ ഫെല്ലോഷിപ്പ് അർഹയാക്കിയത്)**

❖ ഹിമാലയൻ യാക്ക് നെ വളർത്തി ഭക്ഷ്യ ഉൽപാദനത്തിനായി ഉപയോഗിക്കുവാൻ അംഗീകാരം നൽകിയത് ?

- **ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ(FSSAI)**

❖ 2022 നവംബർ 29ന് ഇന്ത്യയിലെ ആദ്യത്തെ ബുദ്ധ സർവ്വകലാശാലയ്ക്ക് തറക്കല്ലിടുന്നത് ഏത് സംസ്ഥാനത്താണ് ?

- **ത്രിപുര (The Dhamma Dipa International Buddhist University (DDIBU))**

❖ ഇന്ത്യ - മലേഷ്യ സംയുക്ത സൈനികാഭ്യാസം "ഹരിമൗ ശക്തി -2022" നവംബർ 28 ന് ആരംഭിച്ചത് ?

- **പുലൈ,ക്ലുവാങ്, മലേഷ്യ**

❖ രാജസ്ഥാനിൽ വച്ച് നടക്കുന്ന ഇന്ത്യൻ ആർമിയും ഓസ്ട്രേലിയൻ ആർമിയും തമ്മിലുള്ള ഉഭയകക്ഷി സൈനിക പരിശീലന അഭ്യാസം ?

- **AUSTRA HIND 22**

❖ നടപ്പുസാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ചാ അനുമാനം 7% ആയി കുറച്ചത് ?

- **S&P Global Ratings**

❖ വിദ്യാഭ്യാസത്തിനും തൊഴിലിനും പാസ്പോർട്ടിനുമടക്കം ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നതിന്റെ ഭാഗമായി ഭേദഗതി ചെയ്യുന്നത്

- **1969- ലെ ജനന, മരണ രജിസ്ട്രേഷൻ നിയമം**

- ദേശീയ പിന്നാക്ക വിഭാഗ കമ്മീഷൻ ചെയർമാനായി നിയമിച്ചത് ?
  - **ഹൻസ്‌രാജ് ഗംഗാറാം ആഹിർ**
- 2022 പാരാ സ്പോർട്സ് പേഴ്സൺ അവാർഡ് ലഭിച്ചത് ? **അവനി ലേഖര**
- വിജയ് ഹസാരെ ടൂർണമെന്റിൽ ഒരോവറിൽ (നോബോൾ ഉൾപ്പെടെ) ഏഴ് സിക്സർ(43 റൺസ്) നേടിയത് ?
  - **ഋതുരാജ് ഗെയ്കวാദ്**
  - **ലിസ്റ്റ് എ ക്രിക്കറ്റിൽ ഒരോവറിൽ ഏഴ് സിക്സ് നേടുന്ന ആദ്യ താരം**
- 53-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ മികച്ച ചിത്രത്തിനുള്ള സുവർണ മയൂരം ബഹുമതി ലഭിച്ചത് ?
  - **കോസ്റ്ററിക്കൻ സംവിധായിക വലന്റീന മോറെൽ ഒരുക്കിയ സ്പാനിഷ് ചിത്രം "ഐ ഹാവ് ഇലക്ട്രിക് ഡ്രീംസ്"**
  - **(40 ലക്ഷം ₹യും പ്രശസ്തിപത്രവും ഫലകവും)**
- മികച്ച നടനുള്ള അവാർഡ് ലഭിച്ചത് ?
  - **വാഹിദ് മൊബഷേരി**
  - **(ഇറാനിയൻ ചിത്രമായ 'നോ എൻഡ്)**
- മികച്ച നടിക്കുള്ള അവാർഡ് ലഭിച്ചത് ?
  - **ഡാനിയേല മരീൻ നവാരോ**
  - **(സിനിമ:: ഐ ഹാവ് ഇലക്ട്രിക് ഡ്രീംസ്)**
- മികച്ച സംവിധായകൻ ?
  - **നാദെർ സേവർ**
  - **(സിനിമ:: നോ എൻഡ്)**
- മികച്ച നവാഗത സംവിധായികയ്ക്കുള്ള അവാർഡ് നേടിയ ഗ്രീക്ക് സംവിധായിക ?
  - **അസിമിന പ്രൊഡ്രോ**
  - **(സിനിമ: ബിഹൈൻഡ് ദ് ഹേസ്റ്റാക്സ്)**

## NOV 30

- 2022 ലെ കേരള ബാംബൂ ഫെസ്റ്റിന് വേദിയായ നഗരം ?
  - **കൊച്ചി**
- കേരളത്തിലെ സ്റ്റാർട്ടപ്പുകളെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാൻ കേരള സ്റ്റാർട്ടപ് മിഷൻ സംഘടിപ്പിക്കുന്ന ഹഡിൽ ഗ്ലോബൽ സംഗമം നടക്കുന്നത് ?
  - **2022 ഡിസംബർ 15,16 (കോവളം, തിരുവനന്തപുരം)**

❖ എല്ലാ വീടുകളിലും പൈപ്പ് ലൈൻ വഴി ഗ്യാസ് എത്തിക്കുന്ന പദ്ധതി ആരംഭിച്ചത് ?
  ○ **വെട്ടുകാട്, തിരുവനന്തപുരം (പദ്ധതിയുടെ പേര്:: സിറ്റി ഗ്യാസ് പദ്ധതി)**
❖ വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണാർത്ഥം കോഴിക്കോട് നിർമ്മിച്ച സംസ്ഥാനത്തെ ആദ്യത്തെ സാഹിത്യ പാർക്ക് ?
  ○ **ഫാം റോക്ക് ഗാർഡൻ**
❖ എല്ലാ ജില്ലകളിലും റിലയൻസ് ജിയോ 5G ലഭിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം ?
  ○ **ഗുജറാത്ത്**
❖ 2022-ലെ കുവെമ്പു രാഷ്ട്രീയ പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ട തമിഴ് എഴുത്തുകാരൻ ?
  ○ **ഇമയം (വി. അണ്ണാമലൈ)**
  ○ **അന്തരിച്ച കന്നഡ എഴുത്തുകാരനായ കുവെമ്പുവിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയതാണ് ഈ അവാർഡ്.**
❖ കുവെമ്പുവിന്റെ 118-ാം ജന്മദിന വാർഷികമായ എന്നാണ് ഇമയത്തിന് പുരസ്കാരം സമ്മാനിക്കുക ?
  ○ **ഡിസംബർ 29**
  ○ **അഞ്ച് ലക്ഷം ₹യും വെള്ളി മെഡലും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.**
❖ കേന്ദ്ര സർക്കാർ 2022 നവംബറിൽ Essential Medical list ൽ ഉൾപ്പെടുത്തിയത് ?
  ○ **കൊറോണറി സ്റ്റെന്റ്**
❖ വ്യക്തികൾക്ക് തമ്മിൽ ഇടപാടുകൾ നടത്താൻ കഴിയുന്നതും റിസർവ് ബാങ്ക് പുറത്തിറക്കുന്നതുമായ പുതിയ ഡിജിറ്റൽ കറൻസി ?
  ○ **ഡിജിറ്റൽ രൂപ**
❖ ചില്ലറ ഇടപാടുകൾക്കായുള്ള റിസർവ് ബാങ്കിന്റെ റീട്ടെയിൽ ഡിജിറ്റൽ രൂപ പരീക്ഷണാടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നത് ?
  ○ **ഡിസംബർ 1, 2022**
❖ ആദ്യ ഘട്ടത്തിൽ ഡിജിറ്റൽ രൂപ ലഭിക്കുക ഏതെല്ലാം നഗരങ്ങളിലാണ് ?
  ○ **മുംബൈ, ന്യൂഡൽഹി, ബെംഗളൂരു, ഭുവനേശ്വർ**
❖ ആദ്യ ഘട്ടത്തിൽ ഡിജിറ്റൽ രൂപ വിതരണ ചുമതലയുള്ള ബാങ്കുകൾ ?
  ○ **SBI, ICICI, Yes Bank, IDFC FIRST Bank**

- മുൻ ഐഎസ്ആർഒ ചെയർമാൻ കെ രാധാകൃഷ്ണന്റെ മൈ ഒഡീസി എന്ന പുസ്തകത്തെ ആസ്പദമാക്കി നിർമ്മിച്ച ഏത് സിനിമയാണ് IFFI യുടെ ഇന്ത്യൻ പനോരമയിൽ പ്രദർശിപ്പിച്ചത് ?
  - **യാനം**
- ആദിമ പ്രപഞ്ചത്തെ കുറിച്ച് വിവരങ്ങൾ നൽകാൻ ഇന്ത്യയുടെ തദ്ദേശ റേഡിയോ ടെലിസ്കോപ്പ് ?
  - **സരസ്**
- പുതിയ 2 ജില്ലകൾ കൂടി നിലവിൽ വരുന്നതോടെ പശ്ചിമ ബംഗാളിൽ ആകെ എത്ര ജില്ലകൾ ?
  - **25 (പുതിയ ജില്ലകൾ :: സുന്ദർബൻസ്, ബസിർഹട്ട്)**
- രാജ്യത്തെ ആദ്യ സ്വകാര്യ റോക്കറ്റ് ലോഞ്ച് പാഡ് (വിക്ഷേപണത്തറ) ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് സെന്ററിൽ സ്ഥാപിച്ചത് ?
  - **അഗ്നികുൽ കോസ്മോസ് (ആസ്ഥാനം: ചെന്നൈ)**
- ഡോ. ബി. ആർ. അംബേദ്കറുടെ 125 അടി പ്രതിമ നിർമ്മിക്കുന്നത് ?
  - **ഹൈദരാബാദ്**
- തമിഴ്നാട്ടിലെ പേരാമ്പലൂർ ജില്ലയിലെ എരയൂരിൽ സിപ്കോട്ട് ഇൻഡസ്ട്രിയൽ പാർക്ക് ഉദ്ഘാടനം ചെയ്തത് ?
  - **മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ**
- മെറിയം വെബ്സ്റ്റർ നിഘണ്ടു 2022 ലെ വേഡ് ഓഫ് ദ ഇയർ ആയി തിരഞ്ഞെടുത്തത് ?
  - **Gaslighting**
  - **Meaning:: The act or practice of grossly misleading someone especially for one's own advantage.**
- പെറുവിന്റെ പുതിയ പ്രധാനമന്ത്രിയായി ചുമതലയേറ്റത് ?
  - **ബെറ്റ്സി ചവസ്**
- 2022 നവംബറിൽ പൊട്ടിത്തെറിച്ച ഹവായിയിലെ സജീവ അഗ്നിപർവ്വതം ?
  - **മൗന ലോവ ( Mauna Loa)**
- സ്റ്റാർ യൂണിയൻ ദായി-ചി ലൈഫ് ഇൻഷുറൻസ് കമ്പനി (എസ്.യു.ഡി.ലൈഫ്) യുടെ ബ്രാൻഡ് അംബാസഡറായി നിയമിതനായ മലയാളി ബാഡ്മിന്റൺ താരം ?
  - **എച്ച്.എസ്. പ്രണോയ്**

- പൊതുമേഖലാ ബാങ്കുകളായ ബാങ്ക് ഓഫ് ഇന്ത്യയും യൂണിയൻ ബാങ്കും ജാപ്പനീസ് കമ്പനിയായ ദായി-ചി ലൈഫുമായി ചേർന്ന് രൂപം നൽകിയ സംയുക്ത സംരംഭം ?
    - **എസ്.യു.ഡി.ലൈഫ്**

****************************************

01

10th Main Full Syllabus Mock Test

02

5 - 10 SCERT Complete Mock Test

03

Daily Current Affair Updates

04

Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in